# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP.P-8/1066/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-8/1066/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 15-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജിമോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ടീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സജിത സതീശൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സാഹിർ കെ എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീരമ്യ ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദീപ എൽ | വെറ്ററിനറി സർജൻ | 01-04-2022 | 02-10-2022 |
| ശ്രീമതി ദീപ എസ് | വെറ്ററിനറി സർജൻ | 03-10-2022 | 31-03-2023 |
| ശ്രീമതി. സോന സോണി ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി. സുജ ജയപാൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ഡോ.ഷഹനാസ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി. ആശമോൾ ആന്റണി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ. ആസിഫ് എ എസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീമതി ഷീജ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ ബി | വി.ഇ.ഒ കളർകോട് | 01-04-2022 | 31-03-2023 |
| ശ്രീമതി. സീമ എ | വി.ഇ.ഒ പുന്നപ്ര | 01-04-2022 | 31-03-2023 |
| ശ്രീ. ഗോപിനാഥ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സലീല എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക - ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആയില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വസ്തുനികുതി കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | ടാക്സ് ഓഡിറ്റ് അവലോകനം | 1-10 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല | 1-10-1 |
| 17 | ഡി & ഒ ലൈസൻസ് പരിശോധന- അപാകതകൾ | 1-10-2 |
| 18 | സാമൂഹ്യക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല | 1-11 |
| 19 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ട ടാപ്പുകളുടെ ചാർജ്ജ് നൽകിവരുന്നു | 1-12 |
| 20 | ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകി | 1-13 |
| 21 | അളവ് തെറ്റായി രേഖപ്പെടുത്തിയത് അധികം നൽകാനിടയാക്കി- അധികം നൽകിയത് 13430/- | 1-14 |
| 22 | വർക്ക് ഷെഡ് നിർമ്മാണം- അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചു. അധികച്ചെലവ് - 70167/- | 1-15 |
| 23 | സിമൻറിന് മാർക്കറ്റ് വിലയേക്കാളും ഉയർന്ന നിരക്ക് അനുവദിച്ചു, അധികം നൽകിയത് 100240/- | 1-16 |

| | | |
|---|---|---|
| 24 | 7-ാം വാർഡിലെ മാപ്പിളപ്പറമ്പ് നടപ്പാത നിർമ്മാണം - കരാറുകാരന് അധികം നൽകിയത് 1162/- | 1-17 |
| 25 | കരാറുകാരൻ സപ്ളൈ ചെയ്തതിനേക്കാളും കൂടുതൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. നഷ്ടം - 13110/- | 1-18 |
| 26 | പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥല നിർമ്മാണം - കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്തില്ല – നഷ്ടം 12312/- | 1-19 |
| 27 | അവിദഗ്ധ തൊഴിൽ ദിനങ്ങൾ കൂടുതൽ അനുവദിച്ചതു വഴി നഷ്ടം - 210102/- | 1-20 |
| 28 | കാലിത്തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി നഷ്ടം - 45132/- | 1-21 |
| 29 | വാങ്ങാത്ത മുളയാണിക്ക് സാധനവിലയിനത്തിൽ 132000/- രൂപ അനുവദിച്ചു | 1-22 |
| 30 | GST ഈടാക്കിയില്ല. നഷ്ടം - 65492/- | 1-23 |
| 31 | ആദായ നികുതി ഈടാക്കിയില്ല നഷ്ടം - 54132/- | 1-24 |
| 32 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ ആദായ നികുതി ഈടാക്കിയില്ല നഷ്ടം 20156/- | 1-25 |
| 33 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 34 | ഐ.കെ.എം.വിഹിതം – തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-27 |
| 35 | ആർദ്രം പദ്ധതിയിൽ ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-28 |
| 36 | തുക മുൻകൂർ നൽകിയിട്ടും ഹോംകോയിൽ നിന്ന് മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-29 |
| 37 | കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി | 1-30 |
| 38 | ജൈവ വൈവിധ്യം-വിവിധയിനം വാഴകളുടെ കൃഷിക്ക് ഗ്രാന്റ് നൽകിയത് സംബന്ധിച്ച് | 1-31 |
| 39 | സമഗ്ര പുരയിടകൃഷി-സ്ഥലത്തിന്റെ അളവിന് ആനുപാതികമായല്ല ആനുകൂല്യം നൽകിയത് | 1-32 |
| 40 | അനുപൂരക പോഷകാഹാര പരിപാടി സംബന്ധിച്ച് | 1-33 |
| 41 | പ്രീമൺസൂൺ ക്ലീനിംഗ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല 170000/- രൂപ തടസ്സപ്പെടുത്തുന്നു | 1-34 |

## ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | അളവ് തെറ്റായി രേഖപ്പെടുത്തിയത് അധികം നൽകാനിടയാക്കി - അധികം നൽകിയത് 13430/- | 3-1 |
| 2 | വർക്ക് ഷെഡ് നിർമ്മാണം- അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചു. അധികച്ചെലവ് - 70167/- | 3-2 |
| 3 | സിമന്റിന് മാർക്കറ്റ് വിലയേക്കാളും ഉയർന്ന നിരക്ക് അനുവദിച്ചു, അധികം നൽകിയത് 100240/- | 3-3 |
| 4 | 7-ാം വാർഡിലെ മാപ്പിളപ്പറമ്പ് നടപ്പാത നിർമ്മാണം - കരാറുകാരന് അധികം നൽകിയത് 1162/- | 3-4 |
| 5 | കരാറുകാർ സപ്ളൈ ചെയ്തതിനേക്കാളും കൂടുതൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. നഷ്ടം - 13110/- | 3-5 |
| 6 | കാലിത്തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയോക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി നഷ്ടം - 45132/- | 3-6 |
| 7 | പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥല നിർമ്മാണം - കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്തില്ല – നഷ്ടം 12312/- | 3-7 |
| 8 | GST ഈടാക്കിയില്ല. നഷ്ടം - 65492/- | 3-8 |
| 9 | ആദായ നികുതി ഈടാക്കിയില്ല നഷ്ടം - 54132/- | 3-9 |
| 10 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ ആദായ നികുതി ഈടാക്കിയില്ല നഷ്ടം 20156/- | 3-10 |
| 11 | ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകി | 3-11 |
| 12 | കാലിത്തീറ്റ സബ്സിഡി-അധിക തുക സബ്സിഡി നൽകി | 3-12 |
| 13 | ജൈവ വൈവിധ്യം-വിവിധയിനം വാഴകളുടെ കൃഷിയ്ക്ക് ഗ്രാന്റ് -അനർഹരായവർക്കും ഗ്രാന്റ് നൽകി. | 3-13 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.05.2023-ലെ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്) പ്രകാരമുള്ള പത്രികയായ റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക - ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആയില്ല

SBI – E Payment അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared എന്നതിൽ വളരെയധികം തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം 04/22 മുതൽ 2022-23 ൽ ആകെ 81989/- രൂപയുടെ ചെക്കുകൾ ക്ലിയർചെയ്യാനുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 08.08.2022-ലും 31.03.2023-ലും മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

1-1-5 വസ്തുനികുതി കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി DCB (Residential & Non Residential) പരിശോധിച്ചതിൽ ഡിമാന്റ് തുകകൾ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25/03/2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 03/03/2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ്പ്രകാരം | 27,25,89,205.00 | 28,61,09,390.00 |
| വാർഷികകണക്ക്പ്രകാരം (ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം) | 179,571,340.00 | 179,664,361.00 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20704731 |
| വരവ് | 45956052 |
| ആകെ | 66660783 |
| ചെലവ് | 40798036 |
| നീക്കിയിരിപ്പ് | 25862747 |

1-4 ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സോഴ്സിൽ കുറവ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വി.ഫണ്ട്(ജനറൽ) | 0 | 17863900 | 3616100 | 21480000 | 21128051 | 351949 |
| വി.ഫണ്ട്(എസ്.സി.പി) | 0 | 3237918 | 143082 | 3381000 | 3244123 | 136877 |

| | | | | | | |
|---|---|---|---|---|---|---|
| വി.ഫണ്ട്(ടി.എസ്.പി) | 0 | 0 | - | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 5879000 | - | 5879000 | 3847683 | 2031317 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | | 6248000 | | 6248000 | 5013880 | 1234120 |
| 13-ാംധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) Treasury | 0 | 2282855 | - | 2282855 | 1612154 | 670701 (ലാപ്സായി) |
| Bank | 346509 | 5603000 | - | 5949509 | 5624623 | 324886 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) Treasury | 0 | 333299 | - | 333299 | 320225 | 13074 (ലാപ്സായി) |
| Bank | 790017/- (Including Bank Interest) | 3852606 (117606 Bank Interest) | - | 4642623 | 2726647 | 1915976 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 108292011 | 132 | 60120723 | 44 | 20 | 57.89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2 | 970540 | 970542 | 970542 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 66006000 | 66006000 | 66006000 | 0 |
| ആകെ | 2 | 66976540 | 66976542 | 66976542 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 30240 | 42 |
| കർഷക തൊഴിലാളി പെൻഷൻ | 7198000 | 652 |
| വിധവാ പെൻഷൻ | 9120800 | 865 |
| വാർദ്ധക്യകാല പെൻഷൻ | 18579500 | 1852 |
| വികലാംഗ പെൻഷൻ | 4263800 | 397 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 1108000 | 101 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.2023 തീയതിയിൽ 03:00 P.M സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4040/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ആർ ട്രാക്ക് സോഫ്റ്റ്‌വെയറിലൂടെ ആസ്തികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. നിലവിൽ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്.

3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണ്.

5. ഉപയോഗ ശൂന്യമായിട്ടുള്ള 136 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി 2019-20ൽ പൊതുടാപ്പുകൾ ക്രമീകരിക്കൽ എന്ന പ്രോജക്ട് പ്രകാരം 155000/- രൂപ 30.03.2020ൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ആയത് പ്രകാരം ടാപ്പുകൾ വിച്ഛേദിച്ചിട്ടുണ്ട് എന്നാൽ എണ്ണത്തിൽ കുറവ് വരുത്താതെ നിലവിലും പ്രസ്തുത ടാപ്പുകൾ ഉൾപ്പടെയുള്ള 667 ടാപ്പുകളുടെ ചാർജ്ജാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് ഈടാക്കിവരുന്നത് .

6. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ അവിദഗ്ധ തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് അവലോകനം

I ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ നിശ്ചിത

ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 7.11.2022 ലെ മിനിട്സ് പ്രകാരം 59.66% നികുതി പിരിവാണ് കൈവരിച്ചിട്ടുള്ളത്. 100% നികുതി പിരിവ് കൈവരിക്കുന്നതിനായി ഡിമാന്റ് നോട്ടീസ് പ്രിന്റ് എടുക്കുന്നതിനും ആയത് വാർഡുകളിൽ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം പറവൂർ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/24.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്.

01.04.20203 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 11/05/2023ലെ ഭരണസമിതി യോഗത്തിലെ 1/1(സി) തീരുമാനപ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 6.07.2023 ഭരണസമിതി യോഗത്തിലെ 2(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ വസ്തുനികുതി നിരക്ക് അന്തിമമാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

വസ്തു നികുതി

വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും ILGMS വരവും പൊരുത്തപ്പെടുന്നുണ്ട്.

11/05/2023ലെ ഭരണസമിതി യോഗത്തിലെ 1/1(ബി) തീരുമാനപ്രകാരം മേഖല വിഭജനം നിലവിലുള്ള സ്ഥിതി തുടരുന്നതിനാണ് അന്തിമമായി നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ പൂർത്തീകരിക്കുകയോ, പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഡിമാന്റ് നോട്ടീസിൽ പുതുക്കിയ നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിൽ നികുതി (01.04.2023 മുതലുള്ളത്) ഈടാക്കാൻ സാധിക്കും എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങളുടെ 5% വസ്തു നികുതി വർദ്ധിപ്പിച്ചുകൊണ്ടുള്ള വസ്തുനികുതി പരിഷ്കരണം സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നപ്പോൾ 2 കെട്ടിടങ്ങൾ മാത്രം ഡാറ്റാ പ്യൂരിഫിക്കേഷൻ പെൻറിംഗ് ആയി ഉണ്ട്. പ്യൂരിഫിക്കേഷൻ ചെയ്യുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയർ അൺലോക്ക് ചെയ്യുന്ന മുറയ്ക്ക് ഇവ പ്യൂരിഫിക്കേഷൻ നടത്തി അപ്രൂവ്, ചെയ്യുന്നതാണ് എന്ന് ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ അനധികൃതം എന്ന് രേഖപ്പെടുത്തി UA നമ്പർ നല്കിയ കെട്ടിടങ്ങളിൽ നിന്നും ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക നികുതിയായി ഈടാക്കുന്നുണ്ട്. 2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനു ലഭിച്ച 174 അപേക്ഷകളിൽ 163 എണ്ണം അപ്രൂവ്ഡ് ആണ്. 11 എണ്ണം റെക്റ്റിഫിക്കേഷൻ ആവശ്യമുള്ളതാണ്. ക്രമവൽക്കരണത്തിനായി ലഭിച്ച 71 അപേക്ഷകളിൽ 57 എണ്ണം അപ്രൂവ്ഡ് ആണ്. 14 എണ്ണം റെക്റ്റിഫിക്കേഷൻ ആവശ്യമുള്ളതാണ്.

മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ ഇൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട് ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

III സേവന ഉപനികുതി

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഭരണസമിതി തീരുമാനമെടുത്ത് ആയത് ഈടാക്കി വരുമാന വർദ്ധനവുവരുത്താവുന്നതാണ്

തൊഴിൽ നികുതി

സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രഫഷണലുകൾ, മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. സ്ഥപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്തുകയാണ് ചെയ്യുന്നത്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിലവിൽ ഉള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണമായി രാംകോ സിമന്റ്സ്, ടൈറസ് ഡിസ്ട്രിബ്യൂട്ടർ, എന്നീ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും 2022-23 വർഷം ലൈസൻസ് ഫീസ് അടച്ചിട്ടില്ല.

## 1-10-1 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് അപേക്ഷ, ഹാജരാക്കിയ ഡിമാന്റ് നോട്ടീസുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുകയോ, പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 205(സി) പ്രകാരം ജീവനക്കാരുടെ വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റുമെന്റ് സമർപ്പിക്കാനോ ആവശ്യപ്പെട്ടിട്ടില്ല. തുക അടച്ചിട്ടുണ്ടെങ്കിൽ രസീത് നം, തീയതി എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറി നം. 7/27/7/2023 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ബിയാൻകോ | 7 |
| 2 | ദേവി എന്റർപ്രൈസസ് | 5 |
| 3 | കൃഷ്ണ വയേഴ്സ് | 5 |
| 4 | വിബിൽ മെറ്റൽസ് | 7 |
| 5 | സൈന എക്സ്പോർട്ട്സ് | 10 |
| 6 | പിപിഎസ് ഹ്ണ്ടായ് | ലഭ്യമല്ല (ലൈസൻസ് ഇല്ല) |

## 1-10-2 ഡി & ഒ ലൈസൻസ് പരിശോധന- അപാകതകൾ

I) ലൈസൻസ് ഇല്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരു

സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1.)രാംകോ സിമന്റ്സ്

2.)ടൈറസ് ഡിസ്ട്രിബ്യൂട്ടർ

3.)പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ

തുക അടച്ചിട്ടുണ്ടെങ്കിൽ രസീത് നം, തീയതി എന്നിവ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറി നം. 8/27.7.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് ഒരു റേഷൻ കട മാത്രമാണ് എടുത്തത്. എല്ലാ റേഷൻ കടകളും ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനം പോലും പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

Ii.) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആർ.ഒ. പ്ലാന്റുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം. സി4-33671/14, 19/12/2014 പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി നം. 8/27.7.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മിനറൽ വാട്ടർ യൂണിറ്റുകളുടെ വിവരങ്ങൾ കാലികമാക്കുകയും, രജിസ്റ്റർ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആർ.ഒ. പ്ലാന്റുകൾ ലൈസൻസോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-11 സാമൂഹ്യക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

I) 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു. അനർഹമായ കാലയളവിലേക്ക് നൽകിയ തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ ഐഡി | മരിച്ച തീയതി/ | അനർഹമായ കാലയളവ്/ | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കെ.കെ ഉത്തമൻ, കല്ലുപുരയ്ക്കൽ, വാടയ്ക്കൽ, മസ്റ്ററിംഗ് / ലൈഫ് സർട്ടിഫിക്കറ്റ് സ്റ്റാറ്റസ്- സമർപ്പിച്ചിട്ടില്ല (ഡെത്ത് സർട്ടിഫിക്കറ്റ് | കർഷക തൊഴിലാളി പെൻഷൻ 104510100320 | 09.4.2022 | 5/2022 മുതൽ 3/2023- വരെയുള്ള 1600*11 രൂപ | 19200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. 4/2023 ൽ 1600 രൂപ ബാങ്കിന് കൈമാറിയിട്ടുണ്ടെങ്കിലും അക്കൌണ്ടിൽ നിക്ഷേപിച്ചില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | പ്രകാരം ഉത്തമൻ, കല്ലപുരയ്ക്കൽ, വാടയ്ക്കൽ) | | | | | |

അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

II) 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്റ്റ് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ തുക |
|---|---|---|---|---|
| 1 | ആരിഫ ബീവി, പുത്തൻ പുരയ്ക്കൽ, കളർകോട്, സനാതനപുരം | വാർദ്ധക്യകാല പെൻഷൻ 104510201278 | 6.3.2022/ 13/07/2022 | 4800/- (1600*3) അക്കൌണ്ടിൽ നിക്ഷേപിച്ചു Corporation Bank017200160000076 (CORP0000172) |
| 2 | ലീല, മുരിങ്ങനാട്, പറവൂർ | കർഷക തൊഴിലാളി പെൻഷൻ 104510100101 | 8.3.2022/ 08/06/2022 | 1200/-(600*2) അക്കൌണ്ടിൽ നിക്ഷേപിച്ചു Canara Bank6019110000290 (CNRB0006019) |

അനർഹമായ കാലയളവിൽ ബാങ്കിൽ നിക്ഷേപിച്ച തുക തിരികെ ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

2) സഹകരണ ബാങ്കുകൾ വഴി (ഡയറക്റ്റ് ടു ഹോം)

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | വസുമതി, വടക്കേയറ്റത്ത്, പുന്നപ്ര, | വാർദ്ധക്യകാല പെൻഷൻ 104510200679 | 8.5.2022/ 13/07/2022 | 3200/-(1600*2) | 5/2022 മുതൽ 6/2022 വരെയുള്ള തുക കൈമാറാൻ |

| | | | | | |
|---|---|---|---|---|---|
| | | | | | സാധിച്ചിട്ടില്ല |
| 2 | ചെല്ലമ്മ, വെളിംപറമ്പ്, പുന്നപ്ര, | കർഷക തൊഴിലാളി പെൻഷൻ 104510100806 | 9.6.2022/ 15/09/2022 | 4800/- (1600*3) | 6/2022 മുതൽ 8/2022 വരയെുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 3 | പി.രാജപ്പൻ, പുതുവൽ | കർഷക തൊഴിലാളി പെൻഷൻ 104510100363 | 10.2.2022/ 13/07/2022 | 8000/-(1600*5) | 2/2022 മുതൽ 6/2022 വരയെുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |

മുകളിൽ സൂചിപ്പിച്ചവർക്ക് അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/29.07.23) മറുപടി ലഭ്യമാക്കിയില്ല. അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-12 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ട ടാപ്പുകളുടെ ചാർജ്ജ് നൽകിവരുന്നു

ഗ്രാമ പഞ്ചായത്ത് 667 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് പ്രതിമാസം ഒടുക്കിവരുന്നത്. ഗ്രമപഞ്ചായത്തിലെ 9 വാർഡുകളിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായിട്ടുള്ള 136 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി 2019-20ൽ പൊതുടാപ്പുകൾ ക്രമീകരിക്കൽ എന്ന പ്രോജക്ട് പ്രകാരം 155000/- രൂപ 30.03.2020ൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. (ചെലവ് വിവരം -(1)30245/- ബിൽനം.37/19-20(2)124755/- വൗച്ചർ നം.21901230). ആയത് പ്രകാരം ടാപ്പുകൾ വിച്ഛേദിച്ചിട്ടുണ്ട് എന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 12.05.2022 ലെ KWA/AE/PH/Genനമ്പർ കത്തിൽ നിന്നും വ്യക്തമാണ്.

136 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്ന പ്രവൃത്തിയ്ക്കായി 30.03.2020 ൽ തുക നിക്ഷേപിച്ചിട്ടും എണ്ണത്തിൽ കുറവ് വരുത്താതെ നിലവിലും പ്രസ്തുത ടാപ്പുകൾ ഉൾപ്പടെയുള്ള 667 ടാപ്പുകളുടെ ചാർജ്ജാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് ഈടാക്കിവരുന്നത്.

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/29.07.23) കോവിഡ് കാലമായിരുന്നതിനാൽ 136 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായുള്ള പ്രവൃത്തി വാട്ടർഅതോറിറ്റിക്ക് ആരംഭിക്കാനായില്ല എന്നും പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന ടാപ്പുകളായതിനാലാണ് അവയുടെ ചാർജ്ജ് ഒടുക്കിവരുന്നത് എന്നും മറുപടി ലഭ്യമാക്കി.

എന്നാൽ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 12.05.2022 ലെ കത്തിൽ, ഗ്രാമ പഞ്ചായത്തിൽ ആകെ 17 വാർഡുകൾ ഉള്ളതിൽ 12 വാർഡുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടെന്നും

280 ടാപ്പുകൾ കണ്ടെത്തിയതായും പറയുന്നുണ്ട്. അവയിൽ 33 എണ്ണം നിലനിർത്തേണ്ടവയാണെന്നും ടാപ്പ് പോയിന്റിൽ വിച്ഛേദിച്ചതായി കണ്ടെത്തിയ 61 ടാപ്പുകൾ ബോറിംഗ് പോയിന്റിൽ വിച്ഛേദിക്കുന്നതിനും ബാക്കിയുള്ള 185 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുമാണ് ടാപ്പുകളുടെ ലിസ്റ്റ് ഉൾപ്പടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി എച്ച് ഡിവിഷന് പ്രസ്തുക കത്ത് നൽകിയിട്ടുള്ളത്. ടാപ്പുകൾ വിച്ഛേദിച്ചതായി കണ്ടെത്തിയ സാഹചര്യത്തിൽ വിച്ഛേദിച്ച ടാപ്പുകളുടെ 05/22 മുതലുള്ള വാട്ടർ ചാർജ്ജ് അടയ്ക്കേണ്ടതില്ല. അധികമായി നൽകിയ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-13 ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകി

പ്രോജക്ട് നം.S0009/23

വികസന ഫണ്ട്- 569030

തനത് ഫണ്ട് -134400

ആകെ അടങ്കൽ -703430

ചെലവ് -687760

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സാന്ത്വന പരിചരണം പ്രോജക്ട് പരിശോധിച്ചതിൽ ഹോം കെയർ രജിസ്റ്റർ പ്രകാരം പാലിയേറ്റീവ് കെയർ ഹോം കെയർ നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-14 അളവ് തെറ്റായി രേഖപ്പെടുത്തിയത് അധികം നൽകാനിടയാക്കി- അധികം നൽകിയത് 13430/-

അംബേദ്ക്കർ സ്കൂളിന് മാലിന്യ സംസ്കരണം എന്ന പ്രവർത്തിയുടെ അപ്പന്റിക്സ് 2 ഷെൽട്ടർ നിർമ്മാണമാണ്. ഇതിന് എർത്ത് വർക്ക് എക്സ്കവേഷൻ നടത്തി സിമന്റ് കോൺക്രീറ്റ് (PCC1:4:8)ചെയ്തിട്ടുണ്ട്. സിമന്റ് കോൺക്രീറ്റിംഗിന് കൂടുതൽ അളവിന് തുക അനുവദിച്ചത് വഴി 13430/- അധികം നൽകാനിടയാക്കി. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/31-07-23) മറുപടി നൽകിയില്ല. വിശദാംശത്തിന് ഖണ്ഡിക 3-1 കാണുക.

## 1-15 വർക്ക് ഷെഡ് നിർമ്മാണം- അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചു. അധികച്ചെലവ് - 70167/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത വർക്ക് ഷെഡ് നിർമ്മാണ പ്രവർത്തിയിൽ ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തതിന് സ്റ്റീൽ വർക്ക്, GI ട്രഫോൾഡ് ഷീറ്റ് തുടങ്ങിയ ഇനങ്ങൾക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചതു വഴിയും എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തി ചെയ്തതും 70167/- രൂപയുടെ അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | അധികം നൽകിയ തുക |
|---|---|---|
| 1 | 10-ാ വാർഡിലെ ശ്രീഹരി സ്വയം സഹായ സംഘത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം | 4065 |
| 2 | വാർഡ് 15 - ഒരുമ വർക്ക് ഷെഡ് നിർമ്മാണം- | 31215 |

| | | |
|---|---|---|
| 3 | വാർഡ് 13-നവ ജ്യോതി ഫിഷ് പ്രൊസസിംഗ് യൂണിറ്റിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം | 9672 |
| 4 | 7-ാം വാർഡിലെ അന്നപൂർണ്ണേശ്വരി സ്വയം സഹായ സംഘത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം | 25215 |
| | ആകെ | 70167 |

വിശദാംശത്തിന് ഖണ്ഡിക 3-2 കാണുക.

1-16 സിമൻറിന് മാർക്കറ്റ് വിലയേക്കാളും ഉയർന്ന നിരക്ക് അനുവദിച്ചു, അധികം നൽകിയത് 100240/-

എ) തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത മുന്നൂറാം പാടം ബണ്ട് റോഡ് കോൺക്രീറ്റ് ചെയ്ത് നിർമ്മിച്ചതിന് കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീ.സലിമിന് 716 ബാഗ് സിമന്റ് ഉപയോഗിച്ചതിന് @520 രൂപ നിരക്കിൽ 24-02-23 ൽ 372320/- രൂപ അനുവദിച്ചിട്ടുണ്ട്. കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ RAMCO OPC 53 ഗ്രേഡ് എന്നതിന് 614.40/ബാഗ് എന്ന വിലയാണ് കാണിച്ചിരിക്കുന്നത്. ടിയാൻ ക്വോട്ട് ചെയ്തിരിക്കുന്ന നിരക്കും ഇതു തന്നെയാണ് (12288/ടൺ). 06-01-23 ൽ ആരംഭിച്ച ടി പ്രവൃത്തി പൂർത്തിയാക്കിയത് 13-01-23 ലാണ്. ഈ കാലയളവിൽ RAMCO OPC 53 ഗ്രേഡ് 50 കി.ഗ്രാം പാക്കറ്റിന്റെ വില 380/- രൂപ മാത്രമാണ്. അതിനാൽ ടിയാൾക്ക് ഇതിന് അർഹമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 716 @520 = 372320 |
| അനുവദനീയമായ തുക | 716 @380 = 272080 |
| അധികം | 100240 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് അസി. എഞ്ചിനിയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ബി)06-01-23 ൽ ആരംഭിച്ച ടി പ്രവൃത്തി (മസ്റ്റർ റോൾ നം 19652)പൂർത്തിയാക്കിയത് 13-01-23 ലാണ്. 14-01-23 ൽ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീടുള്ള Unskilled Labourമസ്റ്റർ റോൾ 29062/23-03-23, 29615/24-03-23, 559/13-04-23 Skilled/semiskilled മസ്റ്റർ റോൾ നം 29616/*24-03-23, 29617/*24-03-23, 29618/24-03-23, 29619/24-03-23, 29620/24-03-13, 559/13-04-23 എന്നിവയിൽ പ്രവർത്തി നടന്നതായി കാണിച്ചിരിക്കുന്നത് 20-04-23 വരെയാണ്. 13-01-23 ൽ പൂർത്തീകരിച്ച പ്രവർത്തിക്ക് പിന്നീടുള്ള തീയതികളിൽ മസ്റ്റർ റോൾ നൽകിയത് ഗുരുതരമായ വീഴ്ചയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 /29-07-23) മറുപടി നൽകിയിട്ടില്ല.

വിശദാംശത്തിന് ഖണ്ഡിക 3-3 കാണുക.

1-17 7-ാം വാർഡിലെ മാപ്പിളപ്പറമ്പ് നടപ്പാത നിർമ്മാണം - കരാറുകാരന് അധികം നൽകിയത് 1162/-

ടി പ്രവർത്തിയിൽ നടപ്പാത ടൈൽ പാകി നിർമ്മിച്ചതിന് 96.82 $M^2$ 80mm സിമന്റ് പേവർ ബ്ളോക്ക് നൽകിയതിന് കരാറുകാരന് 1652/$m^2$ നിരക്കിൽ 159947/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് 1640/$m^2$ ആണ്. അതിനാൽ അധികം നൽകിയ 1162/- (96.82@12) രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 /29-07-23) മറുപടി നൽകിയിട്ടില്ല.

വിശദാംശത്തിന് ഖണ്ഡിക 3-4 കാണുക.

1-18 കരാറുകാൻ സപ്ളൈ ചെയ്തതിനേക്കാളും കൂടുതൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. നഷ്ടം - 13110/-

കരാറുകാൻ സപ്ളൈ ചെയ്തതിനേക്കാളും കൂടുതൽ അളവ് സ്റ്റാക്ക് മെഷർമെന്റായി രേഖപ്പെടുത്തി തുക അനുവദിച്ചതു വഴി 13110/- രൂപയുടെ നഷ്ടം സംഭവിച്ചു. പ്രവർത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | അധികം നൽകിയ തുക |
|---|---|---|
| 1 | 7-ാം വാർഡിലെ പഴയ നടക്കാവ് റോഡിൽ നിന്നും പടിഞ്ഞാറോട്ട് കിച്ചന്റെ വീട്ടു വരെ നടപ്പാത നിർമ്മാണം | 3166 |
| 2 | 10-ാം വാർഡിലെ ആയുർ റോഡ് നിർമ്മാണം | 2130 |
| 3 | 16-ാം വാർഡിൽ റോഡ് വുമൺ & ചൈൽഡ് ഹോമിലേക്കുള്ള റോഡ് ടൈൽ പാകൽ | 2798 |
| 4 | 2-ാം വാർഡിലെ നടപ്പാത നിർമ്മാണം | 5016 |
| | ആകെ | 13110 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/29-07-23) മറുപടി നൽകിയിട്ടില്ല. വിശദാംശത്തിന് ഖണ്ഡിക 3-5 കാണുക.

1-19 പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥല നിർമ്മാണം - കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്തില്ല – നഷ്ടം 12312/-

പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥല നിർമ്മാണ പ്രവർത്തിയിൽ ഗ്രാവൽ ഫില്ലിംഗും ഫൈൻ സാൻഡ് ഉപയോഗിച്ചുള്ള ഫില്ലിംഗും നടത്തിയിട്ടുണ്ട്. ഇവയുടെ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഫില്ലിംഗ് അളവ് എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം തുക അനുവദിച്ചപ്പോൾ കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്തില്ല. അതിനാൽ 12312/- രൂപ അധികം നൽകാനിടയായി. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം./29-07-23) മറുപടി നൽകിയിട്ടില്ല.

വിശദാംശത്തിന് ഖണ്ഡിക 3-7 കാണുക.

1-20 അവിദഗ്ധ തൊഴിൽ ദിനങ്ങൾ കൂടുതൽ അനുവദിച്ചതു വഴി നഷ്ടം - 210102/-

താഴെപ്പറയുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവർത്തികളിൽ ആവശ്യമായതിലധികം അവിദഗ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)10-ാം വാർഡിലെ ശ്രീഹരി സ്വയം സഹായ സംഘത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം

അളവു പുസ്തകം 148/2022

FTO തീയതി - 28-02-23

എസ്റ്റിമേറ്റ് പ്രകാരം 10x6 മീറ്റർ വലിപ്പത്തിലിലുള്ള ഷെഡ് നിർമ്മിക്കുന്നതിനാണ് 148.84 അവിദഗ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്നത്. എന്നാൽ നിർമ്മിച്ചിരിക്കുന്നത് 5.25 X 3.77 മീറ്റർ വിസ്തീർണ്ണത്തിലാണ്. അപ്പോഴും 147 അവിദഗ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചു. ഇത് അധികച്ചെലവിനിടയാക്കി.

എസ്റ്റിമേറ്റ് പ്രകാരം 5.25 X 3.77 മീറ്റർ വിസ്തീർണ്ണത്തിലുള്ള ഷെഡ് നിർമ്മിക്കുന്നതിനാവശ്യമായ അവിദഗ്ധ തൊഴിൽ ദിനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം (അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യമായവ മാത്രം) | ചെയ്ത അളവും ആവശ്യമാകുന്ന അവിദഗ്ധ തൊഴിൽ ദിനങ്ങളും |
|---|---|---|
| 1 | എർത്ത് വർക്ക് | 3.6 $M^3$ @0.5445 = 1.9602 |
| 2 | സോളിഡ് ബ്ളോക്ക് മേസൻറി 40 X20x10 | 4.3296 $M^3$ @ 1.46 = 6.3212 |
| 3 | 1:4:8 സിമന്റ് കോൺക്രീറ്റിംഗ് | 2.737 $M^3$ @1.63 = 4.4613 |
| 4 | ഫില്ലിംഗ് | 5.81 $M^3$ @ 0.27 = 1.5687 |
| 5 | സോളിഡ് ബ്ളോക്ക് മേസൻറി 30x20x15 | 2.926 $M^3$ @1.9 = 5.5594 |
| 6 | RCC 1:2:4 | 0.291 $M^3$ @4.63 = 1.347 |
| 7 | GI ട്രഫോൾഡ് ഷീറ്റ് | 51.79 $M^2$ @ 0.1350 = 6.992 |
| 8 | ഫിക്സിംഗ് വയർ മെഷ് | 31.43 $M^2$ @0.22 = 6.9146 |
| 9 | 12mm സിമന്റ് പ്ലാസ്റ്ററിംഗ് | 56.363 $M^2$ @ 0.075 = 4.2272 |
| 10 | വൈറ്റ് വാഷിംഗ് | 51.563 $M^2$ @ 0.01 = 0.5156 |
| 11 | പെയിന്റിംഗ് | 56.363 $M^2$ @ 0.03 = 1.6908 |
| 12 | ഫിക്സിംഗ് പി.വി.സി പൈപ്പ് | 15m @0.066 = 0.99 |
| 13 | സ്റ്റീൽ വർക്ക് | 440.764 Kg @0.462 = 20.363 |
| | ആവശ്യമാകുന്ന ആകെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ | (62.908 )<br>63 |
| | അനുവദിച്ചത് | 147 |
| | അധികം | 84 @291 = 24444/- |

ബി). <u>ഒന്നാം വാർഡിലെ കാണനിർമ്മാണം</u>

അളവു പുസ്തകം - 172/2021-22

FTO തീയതി - 29-06-22

ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 100 മീറ്റർ നീളത്തിലും 0.80മീറ്റർ വീതിയിലും 0.70 മീറ്റർ ആഴത്തിലും എർത്ത് വർക്ക് നടത്തി കാണ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടുന്നു. ടി പ്രവർത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ എർത്ത് വർക്ക് എക്സ്കവേഷനും കവറിംഗ് സ്ലാബും നിർമ്മിച്ച് പ്രവർത്തി അവസാനിപ്പിച്ചിരിക്കുന്നു. അതിനാൽ ഭൗതിക ലക്ഷ്യം കൈവരിച്ചില്ല. എസ്റ്റിമേറ്റ് പ്രകാരം കാണനിർമ്മാണത്തിന് ആവശ്യമായ അവിദഗ്ധ തൊഴിൽ ദിനങ്ങൾ 107.13 ആണ്. മേൽപ്പറഞ്ഞ രണ്ടിനങ്ങൾ ചെയ്തപ്പോഴും 100 അവിദഗ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചു. ഈ പ്രവർത്തിയിൽ അർഹമായതിലും അധികം അവിദഗ്ധ തൊഴിൽ ദിനങ്ങളാണ് അനുവദിച്ചിരിക്കുന്നത്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ആവശ്യമായ അവിദഗ്ധ തൊഴിൽ ദിനങ്ങളുടെയും അധികം നൽകിയതിന്റേയും വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ചെയ്ത അളവ് | ആവശ്യമായ അവിദഗ്ധ തൊഴിൽ ദിനങ്ങൾ |
|---|---|---|
| എക്സ്കവേഷൻ | $56m^3$ | 56 @ 0.5445 = 30.492 |
| RCC 1:2:4 | 7.65 $M^3$ | 7.65 @ 2 = 15.3 |
| | ആകെ | 45.792 (46) |

| | | |
|---|---|---|
| | അനുവദിച്ചത് | 100 @291 = 29100 |
| | അധികം | 54 @291 = 15714 |

സി).വാർഡ് 12 ഗ്ലൂക്കോസാമിൻ ഫാക്ടറിക്ക സമീപം നഴ്സറി നിർമ്മാണം

അളവു പുസ്തകം 284/2021-22

FTO തീയതി - 01-07-22

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 12 ഗ്ലൂക്കോസാമിൻ ഫാക്ടറിക്ക സമീപം നഴ്സറി നിർമ്മാണം എന്ന പ്രവർത്തിയിലൂടെ 20000 ഫലവൃക്ഷ തൈകൾ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 14 സെന്റ് സ്ഥലത്ത് 12 മീറ്റർ നീളവും 1.20മീറ്റർ വീതിയുമുള്ള 17 തടം നിർമ്മിച്ച് വിത്തുകൾ വിതച്ച് 5 മാസം പരിപാലിക്കുന്നതിനാണ് 1347 അവിദഗ്ധ തൊഴിൽ ദിനങ്ങൾ എസ്റ്റിമേറ്റിൽ അനുവദിച്ചിരിക്കുന്നത്. പ്രവർത്തി ആരംഭിച്ചിരിക്കുന്നത് 05-01-2022 ലും പൂർത്തീകരിച്ചിരിക്കുന്നത് 05-05-2022 ലുമാണ്. 4 മാസം കൊണ്ട് പൂർത്തീകരിച്ച പ്രവർത്തിയിൽ തൈകളുടെ പരിപാലനത്തിനും വെള്ളം കൊണ്ടു വരുന്നതിനും കൂടുതൽ അവിദഗ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചത് അധികച്ചെലവിനിടയാക്കി. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതെങ്കിലും മസ്റ്റർ റോൾ പ്രകാരമാണ് വേതനം അനുവദിച്ചിരിക്കുന്നത്. 4 മാസം കൊണ്ട് പൂർത്തീകരിച്ച പ്രവർത്തിയിൽ തൈകളുടെ പരിപാലനത്തിനും വെള്ളം കൊണ്ടു വരുന്നതിനുമുള്ള അവിദഗ്ധ തൊഴിൽ ദിനങ്ങൾ കുറവ് ചെയ്യാതിരുന്നതിനാലാണ് അധികം നൽകാനിടയായത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | അനുവദിച്ച അളവ് (5 മാസത്തേക്ക്) | ആവശ്യമാകുന്നത് (4 മാസത്തേക്ക്) | അധികം |
|---|---|---|---|---|
| 1 | വെള്ളം കൊണ്ടു വരുന്നതിനുള്ള ലേബർചാർജ്ജ് | 150 @291 = 43650<br>തൊഴിൽ ദിനങ്ങൾ - 150 | 120 @ 291 = 34920<br>തൊഴിൽ ദിനങ്ങൾ - 120 | 30 |
| 2 | തൈകളുടെ പരിപാലനം (വളം ഇടൽ, നനയ്ക്കൽ, കളകൾ പിഴുതു കളയുക മുതലായവ) | | | |
| | 45 ദിവസത്തേക്ക് ആഴ്ചയിൽ രണ്ടു നേരം 2500 തൈകൾ/ബെഡ് | 42500 (17x 2500) X 13 [(45/7)x2] = 552500 | 42500 (17x2500) X 13 [(45/7) X 2] = 552500 | |
| | 45 ദിവസം കഴിഞ്ഞുള്ള ആഴ്ചയിൽ ഒരു നേരം 1500 തൈകൾ/ബെഡ് | 25000 (1500 X17) X 21 (150/7) = 525000 | 25000 (1500 X17)x11 (75/7) = 275000 | |
| | | 1077500 @ 0.276 = 297390<br>തൊഴിൽ ദിനങ്ങൾ - 1022 | 827500 @ 0.276 = 228390<br>തൊഴിൽ ദിനങ്ങൾ - 785 | 237 |

# 4മാസത്തെ (120 ദിവസം)45 ദിവസങ്ങൾക്ക് ശേഷമുള്ള ദിവസങ്ങൾ - 75

അനുവദിക്കാവുന്ന അവിദഗ്ധ തൊഴിൽ ദിനങ്ങൾ

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചത് | 1347.17 |
| (കുറയ്ക്കുക) എസ്റ്റിമേറ്റിൽ വകയിരുത്തിയത് | |

| | |
|---|---|
| വെള്ളം കൊണ്ടു വരുന്നതിനുള്ള ലേബർചാർജ്ജ് | 150 |
| തൈകളുടെ പരിപാലനം | 1022 |
| | 175 |
| (കുട്ടക)4 മാസത്തേക്ക് ആവശ്യമാകുന്നത് | |
| വെള്ളം കൊണ്ടു വരുന്നതിനുള്ള ലേബർ ചാർജ്ജ് | 120 |
| തൈകളുടെ പരിപാലനം | 785 |
| അനുവദിക്കാവുന്ന അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ | 1080 |

അധികം ചെലവഴിച്ചതിന്റെ വിവരം

അനുവദിച്ച അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ --- 1290

അനുവദിക്കാവുന്ന അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ --- 1080

അധികം - 210 @291 = 61110/-

ഡി). വാർഡ് 17 അംബേദ്കർ സ്കൂളിലെ നഴ്സറി നിർമ്മാണം

അളവു പുസ്തകം 303/2021-22

FTO തീയതി - 15-08-22

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 17 അംബേദ്കർ സ്കൂളിലെ നഴ്സറി നിർമ്മാണം എന്ന പ്രവർത്തിയിലൂടെ3000 ഫലവൃക്ഷ തൈകൾ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 20 സെന്റ് സ്ഥലത്ത് 15 മീറ്റർ നീളവും 1.50 മീറ്റർ വീതിയുമുള്ള 20 തടം നിർമ്മിച്ച് വിത്തുകൾ വിതച്ച് 3മാസം (90 ദിവസം) പരിപാലിക്കുന്നതിനാണ് 846 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചിരിക്കുന്നത്. പ്രവർത്തി ആരംഭിച്ചിരിക്കുന്നത് 13-01-2022 ലും പൂർത്തീകരിച്ചിരിക്കുന്നത് 16-02-2022 ലുമാണ്. 35 ദിവസം കൊണ്ട് പൂർത്തീകരിച്ച പ്രവർത്തിയിൽ തൈകളുടെ പരിപാലനത്തിനും 20 സെന്റ് സ്ഥലത്ത് പ്രവർത്തിചെയ്യുന്നതിന് സർഫസ് ഡ്രസിംഗിന് കൂടുതൽ വിസ്തീർണം എസ്റ്റിമേറ്റിൽ കാണിച്ചു വഴിയുംകൂടുതൽ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ അനുവദിച്ചത് അധികച്ചെലവിനിടയാക്കി. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതെങ്കിലും മസ്റ്റർ റോൾ പ്രകാരമാണ് വേതനം അനുവദിച്ചിരിക്കുന്നത്. 35 ദിവസം കൊണ്ട് പൂർത്തീകരിച്ച പ്രവർത്തിയിൽ തൈകളുടെ പരിപാലനത്തിനും സർഫസ് ഡ്രസിംഗ് വിസ്തീർണം കുറക്കാതിരുന്നതിനാലുമാണ് അധികം നൽകാനിടയായത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | അനുവദിച്ച അളവ് | ആവശ്യമാകുന്നത് | അധികം |
|---|---|---|---|---|
| 1 | സർഫസ് ഡ്രസിംഗ് | 15X16X10<br>=2400 @29.187<br>= 70048.80<br>തൊഴിൽ ദിനങ്ങൾ - 240.718 | 20X40.47<br>=809.4 $M^2$@29.187<br>= 23624<br>തൊഴിൽ ദിനങ്ങൾ - 81.18 | 159.538 |

| | | | | |
|---|---|---|---|---|
| 2 | തൈകളുടെ പരിപാലനം (വളം ഇടൽ, നനയ്ക്കൽ, കളകൾ പിഴുതു കളയുക മുതലായവ) | 90 ദിവസത്തേക്ക് ദിവസം രണ്ട് നേരം 90X3000X2 = 540000 @0.276 = 149040 തൊഴിൽ ദിനങ്ങൾ - 512.17 | 35 ദിവസത്തേക്ക് ദിവസം രണ്ട് നേരം 35X3000X2=210000 @0.276 = 57960 തൊഴിൽ ദിനങ്ങൾ - 199.17 | 313 |
| ആകെ | | | | 472.38 (473) |

അനുവദിക്കാവുന്ന അവിദഗ്ധ തൊഴിൽ ദിനങ്ങൾ

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചത് | 846.74 |
| കുറയ്ക്കുക എസ്റ്റിമേറ്റിൽ വകയിരുത്തിയത് | |
| സർഫസ് ഡ്രസിംഗ് | 240.718 |
| തൈകളുടെ പരിപാലനം | 512.17 |
| | 93.852 |
| കൂട്ടുക ആവശ്യമാകുന്നത് | |
| സർഫസ് ഡ്രസിംഗ് | 81.18 |
| തൈകളുടെ പരിപാലനം | 199.17 |
| അനുവദിക്കാവുന്ന അവിദഗ്ധ തൊഴിൽ ദിനങ്ങൾ | 374.202 ( 374) |
| | |
| | |

അധികം ചെലവഴിച്ചതിന്റെ വിവരം

അനുവദിച്ച അവിദഗ്ധ തൊഴിൽ ദിനങ്ങൾ --- 816

അനുവദിക്കാവുന്ന അവിദഗ്ധ തൊഴിൽ ദിനങ്ങൾ --- 374

അധികം - 374 @291 = 108834/-

ബിൽ തയ്യാറാക്കിയപ്പോൾ ആവശ്യത്തിലധികം മനുഷ്യദിനം അനുവദിച്ചത് അക്രഡിറ്റഡ് എഞ്ചിനീയറുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്. ആവശ്യമായ തൊഴിൽദിനങ്ങൾ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/29-07-23) മറുപടി നൽകിയിട്ടില്ല.

1-21 കാലിത്തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി നഷ്ടം - 45132/-

കാലിത്തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ) കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി 45132/-രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തി | അധികം നൽകിയത് |
|---|---|---|

| | | |
|---|---|---|
| 1 | 5-ാം വാർഡിലെ രതീശ്ശൻ കുരുക്കാശ്ശേരിയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം<br>അളവു പുസ്തകം - 360/21-22 | 4858 |
| 2 | 11-ാം വാർഡിലെ ലതാഷാജിയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം | 13589 |
| 3 | 5-ാം വാർഡിലെ സതിയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം | 1726 |
| 4 | 4-ാം വാർഡിലെ സുധർമ്മയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം | 24959 |
| | ആകെ | 45132 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/29-07-23) മറുപടി നൽകിയില്ല.

വിശദാംശത്തിന് ഖണ്ഡിക 3-6 കാണുക.

1-22 വാങ്ങാത്ത മുളയാണിക്ക് സാധനവിലയിനത്തിൽ 132000/- രൂപ അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന ബണ്ട് നിർമ്മാണ പ്രവർത്തികളിൽ മുളയാണിയുടെ വിലയിനത്തിൽ വകയിരുത്തിയ 132000/- രൂപ CICIDA BUILD CON എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. രാധാകൃഷ്ണന് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവർത്തി | കയർ ഭൂവസ്ത്രം വിരിക്കുന്ന അളവ് ($M^2$) | എസ്റ്റിമേറ്റിൽ വകയിരുത്തിയ മുളയാണിയുടെ വില | അനുവദിച്ചത് | FTO തീയതി |
|---|---|---|---|---|---|
| 1 | 12-ാം വാർഡിലെ ഒഴക്കൻ തോട് ആഴം കൂട്ടി മാടി പിടിപ്പിക്കൽ | 300 | 1200 @10 =12000 | 12000 | 28-02-23 |
| 2 | 4-ാം വാർഡിലെ അഞ്ഞൂറാം പാടശേഖരത്തിലെ ബണ്ട് നിർമ്മാണം | 1591.46 | 6364.56 @10 = 63465 | 60000 | 28-02-23 |
| 3 | കുറുവപ്പാടം കിഴക്കേ ബണ്ട് നിർമ്മാണം | 1591.46 | 6364.56 @10 = 63465 | 60000 | 28-02-23 |
| | | | | | |

എന്നാൽ മുളയാണി വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയോ വിതരണം ചെയ്ത ബില്ല് ഹാജരാക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. വാങ്ങാത്ത സാധനത്തിന് തുക അനുവദിച്ചത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്. ആയത് ബിൽ തയ്യാറാക്കിയ അക്രഡിറ്റഡ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഇത് പിന്നീട് കണ്ടെത്തി തുക 12-07-2023 ൽ 1230500075-ാം നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/29-07-23) മറുപടി നൽകിയില്ല. ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 GST ഈടാക്കിയില്ല. നഷ്ടം - 65492/-

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കം, ഗുഡ് എർത്തും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തിട്ടില്ല. ഇത് മൂലം 65492/- രൂപയുടെ നഷ്ടം സംഭവിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29-07-23) മറുപടി നൽകിയില്ല. വിശദാംശം ഖണ്ഡിക 3-8 കാണുക.

1-24 ആദായ നികുതി ഈടാക്കിയില്ല നഷ്ടം - 54132/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് സാധന വില

അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ 54132/- രൂപയുടെ നഷ്ടം സംഭവിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/29-07-23) മറുപടി നൽകിയില്ല. വിശദാംശത്തിന് ഖണ്ഡിക 3-9 കാണുക.

1-25 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ ആദായ നികുതി ഈടാക്കിയില്ല നഷ്ടം 20156/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകിയതിന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. ഇതനുസരിച്ച് കൈരളി കൺസ്ട്രക്ഷൻ യൂണിറ്റുംനിന്നും ആദായ നികുതിയിനത്തിൽ 11660/- (2%) രൂപയും മാതൃക നിർമ്മാണ യൂണിറ്റിൽ നിന്നും 8496 (2%) രൂപയും ഈടാക്കേണ്ടതായിരുന്നു. തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/29-07-23) മറുപടി ഹാജരാക്കിയില്ല. വിശദാംശത്തിന് ഖണ്ഡിക 3-10 കാണുക.

1-26 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവത്തികൾ നാളിതുവരെ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക/ ബിൽ നം./ ചെക്ക് നം./ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | തനത് ഫണ്ട് | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | 43560/- 126653/17.03.2023 | പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 2 | S0164/23 | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | 777657/-BRN 14601578225/ 31.03.2023 | പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | ആകെ | | 821217 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 821217/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (എൻക്വയറി നം. 6/27.07.2023)

1-27 ഐ.കെ.എം.വിഹിതം – തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0041/23 ഐ.കെ.എം.വിഹിതം

വകയിരുത്തിയ തുക-79768/-(വികസനഫണ്ട്)

ചെലവ്-79768/-(BRN4600445907/19.08.2022)

ഐ.കെ.എം. ന് 2022-23 വർഷം നൽകേണ്ട വിഹിതമായി പ്രസ്തുത ബിൽ പ്രകാരം 79768/-രൂപ നൽകിയിട്ടുണ്ട്.

എന്നാൽ ഐ.കെ.എം-ൽ നിന്നും തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06/27.07.23) ആയത് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 79768/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ആർദ്രം പദ്ധതിയിൽ ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

ആദായ നികുതി നിയമം സെക്ഷൻ 194-J അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ, അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്ക് നൽകുന്ന പ്രതിമാസ വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ പുന്നപ്ര വടക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ.നിഷാനി എൻ-ന്റെ പ്രതിമാസ വേതനത്തിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ഡോ.നിഷാനി എൻ-ന് 04/2022 മുതൽ 03/2023 വരെയുള്ള മാസങ്ങളിലെ വേതനമായി 2022-23 സാമ്പത്തിക വർഷം 764400/- രൂപ നൽകിയിട്ടുണ്ട് (പ്രതിമാസം 63700/-നിരക്കിൽ). എന്നാൽ ടി തുകയ്ക്ക് ആനുപാതികമായി ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 4/26.07.23) ആദായനികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. 2022-23 വർഷത്തെ വേതനത്തിന്റെ 10% ആയ 76,440/-രൂപ ഡോ.നിഷാനിയിൽ നിന്ന് ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 1-29 തുക മുൻകൂർ നൽകിയിട്ടും ഹോംകോയിൽ നിന്ന് മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം.7/23

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 1200000

ചെലവ്-1197657

ആയുഷ് പി എച്ച് സി യിലേക്ക് മരുന്ന വാങ്ങുന്നതിനായി 12.12.2022 ൽ 136570/- രൂപ (BRN4900898747) ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലഭിച്ചമരുന്നിന്റെ വില | ഇൻവോയ്സ് നം./തീയതി | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|
| 1 | 89674/- | LF84/20.05.2023 | 22846/- |
| 2 | 24050/- | LF114/26.05.2023 | |
| ആകെ | 113724/- | | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭിച്ചു. (നം.5/26.07.23) മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-30 കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി

ഡയറി ഫാം ഇൻസ്പക്ടർ നിർവ്വഹണം നടത്തിയ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ(പൊതുവിഭാഗം) നിന്ന് 5 ലക്ഷം രൂപ ചെലവഴിച്ച് വാടക്കൽ,പറവൂർ എന്നീ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. വാടയ്ക്കൽ ക്ഷീരസംഘത്തിന്റെ വിതരണ രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റ ഒരു ബാഗിന് 650/- രൂപ നിരക്കിൽ സബ്സിഡി നൽകേണ്ടതിന് പകരം കാലിത്തീറ്റ വിലയുടെ 50ശതമാനത്തിൽ കൂടുതൽ തുക ചില കർഷകർക്ക് സബ്സിഡി നൽകിയതായി കാണുന്നു. വിശദവിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

### 1-31 ജൈവ വൈവിധ്യം-വിവിധയിനം വാഴകളുടെ കൃഷിക്ക് ഗ്രാന്റ് നൽകിയത് സംബന്ധിച്ച്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വാഴകൃഷിക്ക് ഗ്രാന്റ് (S0083/23) എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ(പൊതുവിഭാഗം) നിന്ന് 7000/- രൂപ ചെലവഴിച്ച് 7 കർഷകർക്ക് 1000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശീയമായ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിന് താല്പര്യമുള്ള കർഷകർക്ക് വിവിധയിനം കാർഷിക വിളകളും അവയുടെ വൈവിധ്യമാർന്ന ഇനങ്ങളും ദീർഘകാലത്തേയ്ക്ക് സംരക്ഷിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. ഇതിനായി കുറഞ്ഞത് 10 സെന്റ് സ്ഥലം ഉണ്ടായിരിക്കണം. അഞ്ചോ അതിൽക്കൂടുതലോ തനത് പ്രാദേശിക ഇനങ്ങൾ കൃഷി ചെയ്ത് സംരക്ഷിച്ച് പോരുന്നവർ ആയിരിക്കണം. ഇവയുടെ വിശദാംശങ്ങൾ തദ്ദേശ സ്ഥാപനത്തിലെ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും അർഹതാമാനദണ്ഡം തദ്ദേശ സ്ഥാപനത്തിലെ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കേണ്ടതുമാണ്. ഫയൽ പരിശോധിച്ചതിൽ വാഴകൃഷിക്ക് ഹെക്ടറിന് 25000/- രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയത്. വിശദാംശങ്ങൾ ഭാഗം 3ലെ ഖണ്ഡിക 3-13 ൽ ചേർത്തിട്ടുണ്ട്.

### 1-32 സമഗ്ര പുരയിടകൃഷി-സ്ഥലത്തിന്റെ അളവിന് ആനുപാതികമായല്ല ആനുകൂല്യം നൽകിയത്

പ്രോജക്ടിന്റെ പേര്: സമഗ്ര പുരയിടകൃഷി (S0059/23)

അടങ്കൽ 780000

ചെലവ് 393680

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം പച്ചക്കറി വിത്തുകളും കിഴങ്ങുവിളകളും ജൈവവളവുമുൾപ്പെട്ട 350 യൂണിറ്റുകൾ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ഒരു യൂണിറ്റിൽ 100/- രൂപ വിലയുള്ള പച്ചക്കറിവിത്തുകളും 525/- രൂപ വിലയുള്ള ട്യൂബർ കിറ്റ് (ചേന 4kg, ചേമ്പ് 1kg, കാച്ചിൽ 5.5kg), 75% സബ്സിഡിയിൽ 17 Kg ജൈവവളം എന്നിവ ഉൾപ്പെടുന്നു. ഒരു യൂണിറ്റ് കൃഷി ചെയ്യുന്നതിനായി മിനിമം 10 സെന്റെങ്കിലും സ്ഥലം ആവശ്യമാണെന്നിരിക്കെ 10 സെന്റിൽ കുറവ് സ്ഥലമുള്ള ഗുണഭോക്താക്കൾക്കും ഒന്നിലധികം യൂണിറ്റുകൾ നൽകിയതായി കാണുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാ:-

| ഗുണഭോക്താവിന്റെ പേര്, | നൽകിയ യൂണിറ്റ് | സ്ഥലത്തിന്റെ അളവ് |
|---|---|---|
| ധർമ്മജ ദാസ്, പുത്തൻപറമ്പ്, വാർഡ് 13 | 2 | 1 Ares 82 Sqm |
| ഷൈലജ, പുത്തൻമഠം, വാർഡ് 13 | 2 | 1 Ares 62 Sqm |

| | | |
|---|---|---|
| കൌമാരി, തെക്കേപ്പറമ്പ്, വാർഡ് 10 | 7 | 81 Sqm |
| സ്മിതമോൾ, തെക്കേതയ്യിൽ, വാർഡ് 3 | 2 | 1 Ares 82 Sqm |
| കനകമ്മ, ചിറയിൽ, വാർഡ് 3 | 2 | 1 Ares 21 Sqm |

മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21/29.7.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കർഷകർക്ക് സ്ഥലവിസ്തീർണ്ണത്തിനാനുപാതികമായി ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-33 അനുപൂരക പോഷകാഹാര പരിപാടി സംബന്ധിച്ച്

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ അമ്പലപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീതി സ്റ്റോറിൽ നിന്നുമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NOC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ളൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു. ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം താരതമ്യ കണക്ക് സൂക്ഷിക്കുന്നതായി ഫയലിൽ കാണുന്നില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 22/29.7.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-34 പ്രീമൺസൂൺ ക്ലീനിംഗ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല 170000/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷത്തെ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ വൌച്ചർ നം 2301/2022, 15/6/22 പ്രകാരം മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സിയ്ക്ക് 1,700,00/- രൂപ പ്രീമൺസൂൺ ക്ലീനിംഗ് ശുചിത്വ മിഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ എൻക്വയറി നം. 11/29/7/2023 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ അഡ്വാൻസ് നൽകിയ 1,700,00/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അളവ് തെറ്റായി രേഖപ്പെടുത്തിയത് അധികം നൽകാനിടയാക്കി - അധികം നൽകിയത്

13430/-

| | |
|---|---|
| പ്രവർത്തി | അംബേദ്ക്കർ സ്കൂളിന് മാലിന്യ സംസ്കരണം |
| പ്രോജക്ട് നം | S0151/23 |
| അടങ്കൽ | 10 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സാബു വി.എസ്. |
| ചെലവ് | ബിൽ നം. 360/2503-23 രൂപ 300000/-<br>ബിൽ നം. 359/2503-23 രൂപ 163580/- |
| E- എം ബുക്ക് | 95485/2022 |

അംബേദ്ക്കർ സ്കൂളിന് മാലിന്യ സംസ്കരണം എന്ന പ്രവർത്തിയുടെ അപ്പന്റിക്സ് 2 ഷെൽട്ടർ നിർമ്മാണമാണ്. ഇതിന് താഴെപ്പറയും പ്രകാരം കുഴിയെടുത്ത് സിമന്റ് കോൺക്രീറ്റ് (PCC1:4:8)ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 2 X20.1 X 0.4 X0.4 = 6.432 $M^3$<br>2 X3.7 X0.4x 0.4 = 1.184 $M^3$ |
| സിമന്റ് കോൺക്രീറ്റ് (PCC1:4:8) | 2 X20.1 X 0.4 X0.1 = 1.608 $M^3$<br>2 X20.1 X 0.4 X0.1 = 1.608 $M^3$<br>2 X3.7 X0.4x 0.1 = 0.296 $M^3$<br>2 X3.7 X0.4x 0.1 = 0.296 $M^3$<br>GI പൈപ്പ് സ്ഥാപിക്കുന്നതിന് - 20 X0.20 X0.20X0.4 = 0.32 $M^3$<br>ആകെ -4.128 $M^3$ |

20.1 മീറ്റർ നീളത്തിലും 3.7 മീറ്റർ വീതിയിലും കുഴിയെടുത്തിട്ടുള്ളപ്പോൾ സിമന്റ് കോൺക്രീറ്റ് (PCC1:4:8)ചെയ്യേണ്ടുന്ന യഥാർത്ഥ അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സിമന്റ് കോൺക്രീറ്റ് (PCC1:4:8) | 2 X20.1 X 0.4 X0.1 = 1.608 $M^3$<br>2 X3.7 X0.4x 0.1 = 0.296 $M^3$<br>GI പൈപ്പ് സ്ഥാപിക്കുന്നതിന് -<br>20 X0.20 X0.20 X0.4 = 0.32 $M^3$<br>ആകെ -2.24$m^3$ |

അനുവദിച്ചത് - 4.128 $M^3$ @ 7113.43 = 29364/-

അനുവദനീയമായ തുക – 2.24 $M^3$ @ 7113.43 = 15934

അധികം - 13430/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/31-07-23 ) മറുപടി നൽകിയില്ല.

3-2 വർക്ക് ഷെഡ് നിർമ്മാണം- അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ

അളവിന് തുക അനുവദിച്ചു. അധികച്ചെലവ് - 70167/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത വർക്ക് ഷെഡ് നിർമ്മാണ പ്രവർത്തിയിൽ ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തതിന് താഴെപ്പറയുന്ന ഇനങ്ങൾക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചതു വഴിയും എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തി ചെയ്തതും 70167/- രൂപയുടെ അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ) 10-ാം വാർഡിലെ ശ്രീഹരി സ്വയം സഹായ സംഘത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണ ം

അളവു പുസ്തകം 148/2022

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - അശോക് കുമാർ വി.സി

| ഇനം | ചെയ്ത അളവ് | അനുവദിച്ച അളവും തുകയും | അനുവദനീയമായ തുക | അധികം | FTO തീയതി |
|---|---|---|---|---|---|
| സ്റ്റീൽ വർക്ക് | 440.764 Kg | 462.974 Kg @112 = 51853 | 440.764 @112 = 49365 | 2488 | 28-02-23 |
| GI ട്രഫോൾഡ് ഷീറ്റ് | 51.79 $M^2$ | 59.585 @203 = 12090 | 51.79 @203 = 10513 | 1577 | |
| ആകെ | | | | 4065 | |

ബി) വാർഡ് 15 - ഒരുമ വർക്ക് ഷെഡ് നിർമ്മാണം

അളവു പുസ്തകം

370/2022- 23

336/2022- 23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - ജിതേഷ് എ നായർ

(1).

| ഇനം | ചെയ്ത അളവ് | അനുവദിച്ച അളവും തുകയും | അനുവദനീയമായ തുക | അധികം | FTO തീയതി |
|---|---|---|---|---|---|
| സ്റ്റീൽ വർക്ക് | 700.832 Kg | 734.62 Kg @112 .10 = 82351 | 700.832 @112.10 = 78563 | 3787 | 24-02-23 |
| GI ട്രഫോൾഡ് ഷീറ്റ് | 72.84 $M^2$ | 83.766$m^2$ @203 = 17004 | 72.84 @203 = 14787 | 2217 | |
| ആകെ | | | | 6004 | |

(2). മേൽപ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വയർ മെഷ് ഉറപ്പിക്കൽ (Providing &Fixing Welded Wire Mesh)എന്ന് ഇനം ഉൾപ്പെടുത്തിയിട്ടില്ല. ടി പ്രവർത്തിയുടെ കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റിലും വയർ മെഷ് ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഈ ഇനം ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി 50.67 $M^2$ അളവിന് 497.56 *$M^2$ നിരക്കിൽ 25211-* അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ടി തുക അളവു രേഖപ്പെടുത്തിയ അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) വാർഡ് 13- നവ ജ്യോതി ഫിഷ് പ്രൊസസിംഗ് യൂണിറ്റിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം

അളവു പുസ്തകം -317/2022- 23

330/2022- 23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - M/s അഫ്സൽ മെറ്റൽസ്

(1).

| ഇനം | ചെയ്ത അളവ് | അനുവദിച്ച അളവും തുകയും | അനുവദനീയമായ തുക | അധികം | FTO തീയതി |
|---|---|---|---|---|---|
| സ്റ്റീൽ വർക്ക് | 294.67 Kg | 309.48 Kg @112 .10 = 34693 | 294.67 @112.10 = 33033 | 1660 | |
| GI ട്രഫോൾഡ് ഷീറ്റ് | തുക നൽകിയിട്ടില്ല | | | | |
| ആകെ | | | | 1660 | |

(2). മേൽപ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വയർ മെഷ് ഉറപ്പിക്കൽ (Providing &Fixing Welded Wire Mesh)എന്ന് ഇനം ഉൾപ്പെടുത്തിയിട്ടില്ല. ടി പ്രവർത്തിയുടെ കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റിലും വയർ മെഷ് ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഈഇനം ചെയ്തതതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി 16.09 $M^2$ അളവിന് 497.56 $M^2$ നിരക്കിൽ 8012/- അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ടി തുക അളവു രേഖപ്പെടുത്തിയ അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഡി) 7-ാം വാർഡിലെ അന്നപൂർണ്ണേശ്വരി സ്വയം സഹായ സംഘത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം

അളവു പുസ്തകം 337/2022- 23

371/2022- 23

378/2022- 23

379/2022- 23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - ജിതേഷ് എ നായർ

1.

| ഇനം | ചെയ്ത അളവ് | അനുവദിച്ച അളവും തുകയും | അനുവദനീയമായ തുക | അധികം | FTO തീയതി |
|---|---|---|---|---|---|
| സ്റ്റീൽ വർക്ക് | 579.89 Kg | 609.11 Kg @112 = 68281 | 500 @112.1 = 56050<br>(സാധനങ്ങൾ സപ്ലൈ ചെയ്ത ബിൽ (110/23-03-23ജിതം ബിൽഡിംഗ് സൊല്യൂഷൻസ്) പ്രകാരം സ്റ്റിൽ ട്യൂബ് സപ്ലൈ ചെയ്തിരിക്കുന്നത് 500kg മാത്രമാണ്). | 12231 | 28-02-23 |
| GI ട്രഫോൾഡ് ഷീറ്റ് | 87.53$m^2$ | 100.66@203 = 20433 | 87.53 @203 = 17769 | 2664 | |
| സ്റ്റീൽ | 213.22kg | 224 @ 87.32 = | 213.22 @87.32 = 18618 | 942 | |

| | | | | | |
|---|---|---|---|---|---|
| | | 19560 | | | |
| വിട്രിഫൈഡ് ടൈൽ | 59.187m$^2$ | 60.66 @967.60 = 58695 | 59.187 @967.60 = 57269 | 1426 | |
| വയർ മെഷ് | 41.41 M$^2$ | 41.41 @595.29 = 24651 | 41.41 @ 497.96 = 20621 (എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്) | 4030 | |
| ആകെ | | | | 21293 | |

2. ഫൗണ്ടേഷൻ നിർമ്മിക്കുന്നതിന് 40 സെ. മീറ്റർ ആഴത്തിൽ കുഴിയെടുത്ത് 10 CM കനത്തിൽ 1:4:8 സിമന്റ് കോൺക്രീറ്റിംഗും 30CM ഉയരത്തിൽ സോളിഡ് ബ്ലോക്ക് മേസനറിയും ചെയ്തിട്ടുണ്ട് . ഇതിന് മുകളിൽ ബേസ്മെന്റ് 80 CM ഉയരത്തിലും 15CM കനത്തിൽ RCC ബെൽറ്റും നിർമ്മിച്ചിട്ടുണ്ട്. അതിനാൽ ബെസ്മെന്റ് ഫില്ല് ചെയ്യേണ്ട ഉയരം 95cm ആണ്. എന്നാൽ 105cm ഉയരത്തിൽ ഫില്ല് ചെയ്തതായി അളവു പുസ്തകത്തിൽ (337/22-23 പേജ് 10) രേഖപ്പെടുത്തി 34.94 M$^3$ അളവിന് @1180/m$^3$ നിരക്കിൽ 41229/- രൂപ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച അളവ് - 6.4 X5.2 X 1.05 = 34.94 M$^3$

അനുവദനീയമായ അളവ് - 6.4 X 5.2 X 0.95 = 31.616 M$^3$

അധികം - 3.324 M$^3$ @1180 = 3922/-

മേൽപ്പറഞ്ഞ പ്രവർത്തികളിൽ അധികം നൽകിയ 36944/-രൂപ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക അനുവദിച്ചത് അളവു രേഖപ്പെടുത്തിയ 33223/- (25211 +8012)അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരിൽ നിന്നും തുക ഈടാക്കാത്ത പക്ഷം ടി തുകയും തെറ്റായി അളവുരേഖപ്പെടുത്തിയ അക്രഡിറ്റഡ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/29-07-23) മറുപടി നൽകിയിട്ടില്ല.

3-3 സിമന്റിന് മാർക്കറ്റ് വിലയേക്കാളും ഉയർന്ന നിരക്ക് അനുവദിച്ചു, അധികം നൽകിയത് 100240/-

മുന്നൂറാം പാടം ബണ്ട് റോഡ് നിർമ്മാണം

അളവു പുസ്തകം - 320/2022-23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - സലിം

FTO തീയതി - 24-02-23

എ) തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത മുന്നൂറാം പാടം ബണ്ട് റോഡ് കോൺക്രീറ്റ് ചെയ്ത് നിർമ്മിച്ചതിന് കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീ.സലിമിന് 716 ബാഗ് സിമന്റ് ഉപയോഗിച്ചതിന് @520 രൂപ നിരക്കിൽ 24-02-23 ൽ 372320/- രൂപ അനുവദിച്ചിട്ടുണ്ട്. കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ RAMCO OPC 53 ഗ്രേഡ് എന്നതിന് 614.40/ബാഗ് എന്ന വിലയാണ് കാണിച്ചിരിക്കുന്നത്. ടിയാൻ ക്വോട്ട് ചെയ്തിരിക്കുന്ന നിരക്കും ഇതു തന്നെയാണ് (12288/ടൺ). 06-01-23 ൽ ആരംഭിച്ച ടി പ്രവൃത്തി പൂർത്തിയാക്കിയത് 13-01-23 ലാണ്. ഈ കാലയളവിൽ RAMCO OPC 53 ഗ്രേഡ് 50 കി.ഗ്രാം പാക്കറ്റിന്റെ വില 380/- രൂപ മാത്രമാണ്. അതിനാൽ ടിയാൾക്ക് ഇതിന് അർഹമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 716 @520 = 372320 |

| | |
|---|---|
| അനുവദനീയമായ തുക | 716 @380 = 272080 |
| അധികം | 100240 |

സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്അതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് അസി. എഞ്ചിനിയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ബി)06-01-23 ൽ ആരംഭിച്ച ടി പ്രവൃത്തി (മസ്റ്റർ റോൾ നം 19652)പൂർത്തിയാക്കിയത് 13-01-23 ലാണ്. 14-01-23 ൽ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീടുള്ള Unskilled Labourമസ്റ്റർ റോൾ 29062/23-03-23, 29615/24-03-23, 559/13-04-23 Skilled/semiskilled മസ്റ്റർ റോൾ നം 29616/*24-03-23, 29617/*24-03-23, 29618/24-03-23, 29619/24-03-23, 29620/24-03-13, 559/13-04-23 എന്നിവയിൽ പ്രവർത്തി നടന്നതായി കാണിച്ചിരിക്കുന്നത് 20-04-23 വരെയാണ്. 13-01-23 ൽ പൂർത്തീകരിച്ച പ്രവർത്തിക്ക് പിന്നീടുള്ള തീയതികളിൽ മസ്റ്റർ റോൾ നൽകിയത് ഗുരുതരമായ വീഴ്ചയാണ്. ടി പ്രവർത്തിക്ക് Unskilled Labour, Skilled/semiskilled വേതനം നൽകിയതിന്റേയും മസ്റ്റർ റോളിൽ കാണിച്ചിരിക്കുന്ന തീയതിയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| മസ്റ്റർ റോൾ നമ്പർ | തൊഴിലിൽ ഏർപ്പെട്ട തീയതി | അനുവദിച്ച വേതനം | റിമാർക്സ് |
|---|---|---|---|
| 19652 Unskilled Labour | 06-01-23 | 5 @ 311 = 1555 | |
| 29062 | 25-03-23 - 26-03-23 | 2@311 = 622 | |
| 290615 | 27-03-23 - 30-03-23 | 4@311 = 1244 | |
| 29616 Skilled/semiskilled | 27-03-23 - 30-03-23 | 4@1000 = 4000 | |
| 29617 | 27-03-23 - 30-03-23 | 4@1000 = 4000 | |
| 29618 | 27-03-23 - 29-03-23 | 3@1000 =3000 | |
| 29619 | 27-03-23 - 29-03-23 | 3@850= 2550 | |
| 29620 | 27-03-23 - 30-03-23 | 4@800 = 3200 | |
| 559 | 14-04-23 - 20-04-23 | 6@333 = 1998 | നൽകിയിട്ടില്ല |

13-01-23 ൽ പൂർത്തീകരിച്ച പ്രവർത്തിക്ക് പിന്നീടുള്ള തീയതികളിൽ വേതനം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/29-07-23) മറുപടി നൽകിയിട്ടില്ല.

### 3-4 7-ാം വാർഡിലെ മാപ്പിളപ്പറമ്പ് നടപ്പാത നിർമ്മാണം - കരാറുകാരന് അധികം നൽകിയത് 1162/-

7-ാം വാർഡിലെ മാപ്പിളപ്പറമ്പ് നടപ്പാത നിർമ്മാണം

അളവു പുസ്തകം 188/2022-23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - ബൈജു

FTO തീയതി - 07-12-22

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത ടി പ്രവർത്തിയിൽ നടപ്പാത ടൈൽ പാകി നിർമ്മിച്ചതിന് 96.82$M^2$ 80mm സിമന്റ് പേവർ ബ്ലോക്ക് നൽകിയതിന് കരാറുകാരന് 1652/$m^2$ നിരക്കിൽ 159947/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് 1640/$m^2$ ആണ്. അതിനാൽ അധികം നൽകിയ 1162/- (96.82@12) രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/29-07-23) മറുപടി നൽകിയിട്ടില്ല.

## 3-5 കരാറുകാൻ സപ്ളൈ ചെയ്തതിനേക്കാളും കൂടുതൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. നഷ്ടം - 13110/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്തതിനേക്കാളും കൂടുതൽ അളവ് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചതുവഴി 13110/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

എ) 7-ാം വാർഡിലെ പഴയ നടക്കാവ് റോഡിൽ നിന്നും പടിഞ്ഞാറോട്ട് കിച്ചന്റെ വീട് വരെ നടപ്പാത നിർമ്മാണം

അളവു പുസ്തകം- 189/2022-23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - ബൈജു.വി

FTO തീയതി - 02-12-22

സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം (CICADA BUILDCON 112/02-09-22) ഗുഡ് എർത്ത് സപ്ലൈ ചെയ്തത് 11.82 $M^3$ ആണ്. എന്നാൽ അളവു പുസ്തകത്തിൽ 15.24 $M^3$ ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്തതായി കാണിച്ച് ഈ അളവിൽ നിന്നും കൺസോളിഡേഷന് 20% കുറവു വരുത്തി 12.28 $M^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് 1121/$m^3$ നിരക്കിൽ 13766/-രൂപ അനുവദിച്ചിരിക്കുന്നത്. 11.82 $M^3$ മാത്രം ഗുഡ് എർത്ത് സപ്ലൈ ചെയ്തിട്ടുള്ളപ്പോൾ അനുവദനീയമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗുഡ് എർത്ത് സപ്ലൈ ചെയ്ത അളവ് | 11.82 $M^3$ |
| (-) കൺസോളിഡേഷൻ 20% | 2.364 |
| ആകെ | 9.456 M3 @1121 = 10600 |
| അനുവദിച്ചത് | 13766 |
| അധികം | 3166 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) 10-ാം വാർഡിലെ ആയൂർ റോഡ് നിർമ്മാണം

അളവു പുസ്തകം- 263/2022-23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - ഗിരീഷ്കുമാർ ആർ

FTO തീയതി - 30-11-22

സാധനങ്ങൾ സപ്ലൈ ചെയതതിന് കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം (23/02-09-22) ഗുഡ് എർത്ത് സപ്ലൈ ചെയ്തത് 10 $M^3$ ആണ്. എന്നാൽ അളവു പുസ്തകത്തിൽ 13.57 $M^3$ ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്തതായി കാണിച്ച് ഈ അളവിൽ നിന്നും കൺസോളിഡേഷന് 20% കുറവു വരുത്തി 9.9$m^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് 1121/$m^3$ നിരക്കിൽ 11098/-രൂപ അനുവദിച്ചിരിക്കുന്നത്. 10 $M^3$ മാത്രം ഗുഡ് എർത്ത്

സപ്ലൈ ചെയ്തിട്ടുള്ളപ്പോൾ അനുവദനീയമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗുഡ് എർത്ത് സപ്ലൈ ചെയ്ത അളവ് | 10 $M^3$ |
| (-) കൺസോളിഡേഷൻ 20% | 2 |
| ആകെ | 8 $M^3$ @1121 = 8968 |
| അനുവദിച്ചത് | 11098 |
| അധികം | 2130 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) 16-ാം വാർഡിൽ റോഡ് വുമൺ & ചൈൽഡ് ഹോമിലേക്കുള്ള റോഡ് ടൈൽ പാകൽ

അളവു പുസ്തകം- 48/21-22

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - CICADA BUILDCON

FTO തീയതി - 01-04-22

സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം (CICADA BUILDCON 111/05-11-21) ഗുഡ് എർത്ത് സപ്ലൈ ചെയ്തത് 12.48 $M^3$ ആണ്. എന്നാൽ അളവു പുസ്തകത്തിൽ 15.6 $M^3$ ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്തതായി കാണിച്ച് ഈ അളവിൽ നിന്നും കൺസോളിഡേഷന് 20% കുറവു വരുത്തി 12.48$m^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് 1121/$m^3$ നിരക്കിൽ 13990/-രൂപ അനുവദിച്ചിരിക്കുന്നത്. 12.48 $M^3$ മാത്രം ഗുഡ് എർത്ത് സപ്ലൈ ചെയ്തിട്ടുള്ളപ്പോൾ അനുവദനീയമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗുഡ് എർത്ത് സപ്ലൈ ചെയ്ത അളവ് | 12.48 $M^3$ |
| (-) കൺസോളിഡേഷൻ 20% | 2.496 |
| ആകെ | 9.984 $M^3$ @1121 = 11192 |
| അനുവദിച്ചത് | 13990 |
| അധികം | 2798 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഡി) 2-ാം വാർഡി ലെ നടപ്പാത നിർമ്മാണം

അളവു പുസ്തകം- 250/21-22

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - CICADA BUILDCON

FTO തീയതി - 28-05-22

സാധനങ്ങൾ സപ്ലൈ ചെയതതിന് കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം (CICADA BUILDCON 8/3-12-21, 104/02-03-22) ഗുഡ് എർത്ത് സപ്ലൈ ചെയ്തത് 22.37 $M^3$ ആണ്. എന്നാൽ അളവു പുസ്തകത്തിൽ ആദ്യ ബിൽപ്രകാരം 8.3 $M^3$ ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്തതായി കാണിച്ച് ഈ അളവിൽ നിന്നും കൺസോളിഡേഷന് 20% കുറവു വരുത്തി 6.64$m^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് 1121/$m^3$ നിരക്കിൽ 7443/-രൂപ അനുവദിച്ചിരിക്കുന്നത്. രണ്ടാമത്തെ ബിൽ പ്രകാരം സപ്ലൈ ചെയ്ത ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്യാതെ ഫില്ല് ചെയ്ത അളവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

22.37 $M^3$ മാത്രം ഗുഡ് എർത്ത് സപ്ലൈ ചെയ്തിട്ടുള്ളപ്പോൾ അനുവദനീയമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഗുഡ് എർത്ത് സപ്ലൈ ചെയ്ത അളവ് | 22.37 $M^3$ |
| (-) കൺസോളിഡേഷൻ 20% | 4.474 |
| | 17.896 $M^3$ @1121 =20061 |
| അനുവദിച്ചത് | 25077 |
| അധികം | 5016 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായി അളവു രേഖപ്പെടുത്തിയ അക്രഡിറ്റഡ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/29-07-23) മറുപടി നൽകിയിട്ടില്ല.

3-6 കാലിത്തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയോക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി നഷ്ടം - 45132/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത വ്യക്തിഗത മെറ്റീരിയൽ പ്രവർത്തിയായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതുവഴി 45132/- രൂപയുടെ അധികച്ചെലവിനിടയായി.

1.) 5-ാം വാർഡിലെ രതീശൻ കുരുക്കാശ്ശേരിയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം

അളവു പുസ്തകം - 360/21-22

FTO തീയതി -- 01-07-22

താഴെപ്പറയുന്ന ഇനങ്ങൾക്ക് ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാളും കൂടിയ അളവ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ചു.

ടി പ്രവർത്തിക്ക് ചെലവായ തുകയുടെ(140098/-) കണക്കിൽ മേൽക്കൂര നിർമ്മിക്കുന്നതിന് ചെലവായ തുക 29598/- എന്ന് കാണിച്ചിട്ടുണ്ട്. ടി തുകയ്ക്കുള്ള സുനിത സ്റ്റീൽസ് ആലപ്പുഴയുടെ B2C-1695/21-22 തീയതി 02-08-21 ബിൽ പ്രകാരം വാങ്ങിയ GI ട്യൂബ് 80kg ആണ്. എന്നാൽ സാധനങ്ങളുടെ വിലയിനത്തിൽ GIട്യൂബിന് അനുവദിച്ചിരിക്കുന്നത് 151.31kg @ 68 = 10298/-. ഗുണഭോക്താവ് വാങ്ങിയത് പ്രകാരം അനുവദനീയമായ തുക 80 @68 = 5440/- അധികം നൽകിയത് - 4858/- ടി തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2). 11-ാം വാർഡിലെ ലതാഷാജി യുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം

അളവു പുസ്തകം - 331/21-22

FTO തീയതി -- 13-09-22

കാലിതൊഴുത്ത് നിർമ്മാണത്തിന് ചെലവിന് ആസ്പദമായ ബില്ലുകൾ ഹാജരാക്കിയതിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടിയ നിരക്കിലും വാങ്ങിയ അളവിനേക്കാൾ കൂടുതൽ ഉപയോഗിച്ചതായും രേഖപ്പെടുത്തി തുക അനുവദിച്ചതു വഴി അധികച്ചെലവിനിടയായി.

സുനിത സ്റ്റീൽസ് ആലപ്പുഴയുടെ B2C-475/21-22 തീയതി 22-04-22 ബിൽ പ്രകാരം വാങ്ങിയ GI ട്യൂബ് 93kg ആണ്. എന്നാൽ സാധനങ്ങളുടെ വിലയിനത്തിൽ GIട്യൂബിന് അനുവദിച്ചിരിക്കുന്നത് 167.223kg @ 112.10 = 118745/-. ഗുണഭോക്താവ് വാങ്ങിയത് പ്രകാരം അനുവദനീയമായ തുക 93 @112.1 = 10416/- അധികം നൽകിയത് - 8329/- ടി തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

സോളിഡ് ബ്ലോക്ക്സ് ഉപയോഗിച്ചതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 30x20x15 സൈസ് 116 എണ്ണം @45 = | 5220 |

| | |
|---|---|
| 40x20x10സൈസ് 274 എണ്ണം @40 = | 10960 |
| | 16180 |

സോളിഡ് ബ്ലോക്ക് 500 എണ്ണം വാങ്ങിയതിന് ഹാജരാക്കിയ കൊച്ചിൻ ട്രേഡേഴ്സ്, വാടയ്ക്കൽ ന്റെ രസീത് പ്രകാരം (നമ്പർ, തീയതി ഇല്ല) വില 14000/- രൂപയാണ്. ഇതനുസരിച്ച് സോളിഡ് ബ്ലോക്ക് ഒരെണ്ണത്തിന്റെ വില @28 (14000/500) ആണ്. അനുവദിക്കാവുന്ന തുക 390 (116 +274) @ 28 = 10920 /-

അധികം - 5260/- ടി തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3 . 5-ാം വാർഡിലെ സതിയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം

അളവു പുസ്തകം - 192/21-22

FTO തീയതി- 12-09-22

ടി പ്രവർത്തി ചെയ്തതിന് 0.4224ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/t നിരക്കിൽ 5190/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്അതിനാൽ അർഹമായ തുക 0.4224t @8200 = 3464/- (സിമന്റ് വാങ്ങിയതിന് ബില്ല് ഹാജരാക്കിയിട്ടില്ല)

അധികം നൽകിയ 1726/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

4) 4-ാം വാർഡിലെ സുധർമ്മയുടെ വീട്ടിലെ കാലിത്തൊഴുത്ത് നിർമ്മാണം

അളവു പുസ്തകം -49/21-22

FTO തീയതി - 02-09-22

എ) ടി പ്രവർത്തിയിൽ 30X20X15 സോളിഡ് ബ്ലോക്ക്സ് 726 എണ്ണം ഉപയോഗിച്ചതിന് @40 നിരക്കിൽ 29040/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് @32/- രൂപയ്ക്കാണ്. (കോഹിനൂർ ട്രേഡിംഗ് കമ്പനി യുടെ KTCAO 269/21-22/01-08-21). അതിനാൽ അനുവദിക്കാവുന്ന തുക 726 @32 = 23232/- ആണ്. അധികം നൽകിയത് - 5808/-

ബി) ടി പ്രവർത്തിയിൽ 0.4326 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/t നിരക്കിൽ 5315/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ കൊച്ചിൻ ട്രേഡേഴ്സിന്റെ 4316/10-03-21 ബിൽ പ്രകാരം 50KG സിമന്റ് ബാഗിന്റെ വില 380/- ആണ്.

അതിനാൽ അർഹമായ തുക 0.4326t @7600 = 3288/-

അധികം നൽകിയ 2027/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) ടി പ്രവർത്തിയിൽ മൈൽഡ് സ്റ്റിൽ ട്യൂബ് 316.456 KG ഉപയോഗിച്ചിട്ടുള്ളപ്പോൾ 332.4115 Kg ന് @112.10 നിരക്കിൽ 37263/- രൂപ അനുവദിച്ചിട്ടുണ്ട്. ഹാജരാക്കിയ സുനിത സ്റ്റീൽസ് ആലപ്പുഴയുടെ B2C-5102/20-21/16-02-21 നമ്പർ ബിൽപ്രകാരം വാങ്ങിയ മൈൽഡ് സ്റ്റിൽ ട്യൂബിന്റെ വില @73.95/kg ആണ്. അതിനാൽ അനുവദനീയമായ തുക 316.456 @73.95 = 23402/-. അധികം നൽകിയ 13861/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

ഡി) അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവിനും തുക അനുവദിച്ചു.

| ഇനം | ചെയ്ത അളവ് | അനുവദിച്ച അളവും തുകയും | അനുവദനീയമായ തുക | അധികം | FTO തീയതി |
|---|---|---|---|---|---|
| GI ട്രഫോൾഡ് ഷീറ്റ് | 70.59 $M^2$ | 81.075 $M^2$ @203 = 16458 | 65 $M^2$ @203 = 13195<br>സാധനങ്ങൾ വാങ്ങിയതിന് ബിൽ(1 സുനിത സ്റ്റീല്ഡസ് ആലപ്പുഴ B2C5113/20-21/16-02-21) പ്രകാരം GI ട്രഫോൾഡ് ഷീറ്റ് വാങ്ങിയത് 65$M^2$ മാത്രമാണ്. | 3263 | |

അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രവർത്തികളിലായി അധികം നൽകിയ 45132/- രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായി അളവുരേഖ പ്പെടുത്തുകയും ബിൽ തയ്യാറാക്കുകയും ചെയ്ത അക്രഡിറ്റഡ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/29-07-23) മറുപടി നൽകിയിട്ടില്ല.

## 3-7 പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥല നിർമ്മാണം - കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്തില്ല – നഷ്ടം 12312/-

അളവു പുസ്തകം- 143/2019-20, 493/22-23

കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തത് - മനേഷ് കുരുവിള

FTO തീയതി - 26-08-22

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥല നിർമ്മാണ പ്രവർത്തിയിൽ ഗ്രാവൽ ഫില്ലിംഗും ഫൈൻ സാൻഡ് ഉപയോഗിച്ചുള്ള ഫില്ലിംഗും നടത്തിയിട്ടുണ്ട്. ഇവയുടെ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഫില്ലിംഗ് അളവ് എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം തുക അനുവദിച്ചപ്പോൾ കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്തില്ല. അതിനാൽ 12,312/- രൂപ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ചെയ്ത അളവ് | അനുവദിച്ച തുക | കുറവ് ചെയ്യേണ്ട അളവും (10%) തുകയും |
|---|---|---|---|
| ഗ്രാവൽ ഫില്ലിംഗ് | 18 X9x 0.40<br>= 64.8 $M^3$ | 64.8 $M^3$@ 1000<br>= 64800 | 6.48 M @1000<br>= 6480 |
| ഫൈൻ സാൻഡ് | 18 X9x 0.15 = 24.3 | 24.3 $M^3$ @2400 | 2.43 $M^3$ @ 2400 = 5832 |

| | | | |
|---|---|---|---|
| ഫില്ലിംഗ് | $M^3$ | = 58320 | |
| | | ആകെ | 12312 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായി അളവുരേഖപ്പെടുത്തിയ അക്രഡിറ്റഡ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/29-07-23) മറുപടി നൽകിയിട്ടില്ല.

3-8 GST ഈടാക്കിയില്ല. നഷ്ടം - 65492/-

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന റോഡ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗ്രഡ് എർത്തും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അനുവദിച്ച സാധന വില | ഈടാക്കേണ്ട ജിഎസ്ടി(2%) | FTO തീയതി |
|---|---|---|---|---|---|
| 1 | വാർഡ് 15 - ഒരുമ വർക്ക് ഷെഡ് നിർമ്മാണം | ജിതേഷ് എ നായർ | 269479 | 5390 | 24-02-23 |
| 2 | മുന്നൂറാം പാടം ബണ്ട് റോഡ് നിർമ്മാണം | സലിം | 869674 | 17394 | 24-02-23 |
| 3 | ളുക്കകുളം പഴയ നടക്കാവ് കണക്ടിവിറ്റി റോഡ് നിർമ്മാണം | CICADA BUILDCON | 347053 | 6941 | 13-03-23 |
| 4 | 14-ാം വാർഡിൽ കാട്ടുങ്കൽ സൂര്യ നാരായണ ക്ഷേത്രം വരെയുള്ള റോഡ് ടൈൽ പാകി നിർമ്മണം | രാധാകൃഷ്ണൻ | 383027 | 7661 | 06-01-23 |
| 5 | 8-ാം വാർഡിലെ NH കോതകുളങ്ങര കണക്ടിംഗ് റോഡ് നിർമ്മാണം | ജിതേഷ് എ നായർ | 433060 | 8661 | 01-07-22 |
| 6 | 2-ാം വാർഡിലെ നടപ്പാത നിർമ്മാണം | CICADA BUILDCON | 450328 | 9007 | 28-05-22 |
| 7 | വാർഡ് 7 അന്നപൂർണ്ണേശ്വരി SHGക്കുവേണ്ടിയുള്ള വർക്ക് ഷെഡ് നിർമ്മാണം | ജിതേഷ് എ നായർ | 521895 | 10438 | 28-02-23 |
| | ആകെ | | | 65492 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29-07-23) മറുപടി നൽകിയില്ല. ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം സോഴ്സിൽ കുറവു ചെയ്യാൻ ബാധ്യസ്ഥരായ സെക്രട്ടറിയുടേയും അസിസ്റ്റന്റ് സെക്രട്ടറിയുടേയും ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-9 ആദായ നികുതി ഈടാക്കിയില്ല നഷ്ടം - 54132/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് സാധന വില അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അനുവദിച്ച സാധന വില | ഈടാക്കേണ്ട ആദായ നികുതി (1%) | FTO No./ തീയതി |
|---|---|---|---|---|---|
| 1 | 10-ാം വാർഡിലെ ശ്രീഹരി സ്വയം സഹായ സംഘത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം | അശോക് കുമാർ | 139692 | 1397 | 28-02-23 |
| 2 | വാർഡ് 15 - ഒരുമ വർക്ക് ഷെഡ് നിർമ്മാണം | ജിതേഷ് എ നായർ | 269479 | 2695 | 24-02-23 |
| 3 | വാർഡ് 13- നവ ജ്യോതി ഫിഷ് പ്രൊസസിംഗ് യൂണിറ്റിനാവശ്യമായ വർക്ക് ഷെഡ് നിർമ്മാണം | അഫ്സൽ മെറ്റൽസ് | 130002 | 1300 | 28-02-23 |
| 4 | 7-ാം വാർഡിലെ പഴയ നടക്കാവ് റോഡിൽ നിന്നും പടിഞ്ഞാറോട്ട് കിച്ചന്റെ വീടു വരെ നടപ്പാത നിർമ്മാണം | ബൈജു .വി | 143947 | 1440 | 02-12-22 |
| 5 | ഒന്നാം വാർഡിലെ കാണനിർമ്മാണം | ജിജു പൊന്നപ്പൻ | 62422 | 624 | 29-06-22 |
| 6 | മുന്നൂറാം പാടം ബണ്ട് റോഡ് നിർമ്മാണം | സലിം | 869674 | 8697 | 24-02-23 |
| 7 | 7-ാം വാർഡിലെ മാപ്പിളപ്പറമ്പ് നടപ്പാത നിർമ്മാണം | ബൈജു വി | 190219 | 1902 | 07-12-22 |
| 8 | ളുക്കുകുളം പഴയനടക്കാവ് കണക്റ്റിവിറ്റി റോഡ് നിർമ്മാണം | CICADA BUILDCON (രാധാകൃഷ്ണൻ) | 347053 | 3471 | 13-03-23 |
| 9 | 14-ാം വാർഡിൽ കാട്ടുങ്കൽ സൂര്യ നാരായണ ക്ഷേത്രം വരെയുള്ള റോഡ് ടൈൽ പാകി നിർമ്മണം | രാധാകൃഷ്ണൻ | 383027 | 3830 | 06-01-23 |
| 10 | 7-ാം വാർഡിലെ ഗിരിജ തോട്ടുകടവിന്റെ വീടിനു സമീപമുള്ള റോഡ് നിർമ്മാണം | ജിതേഷ് എ നായർ | 249952 | 2500 | 28-02-23 |
| 11 | 4-ാം വാർഡിലെ പുല്ലുപുരയ്ക്കൽ | ഗിരീഷ്കുമാർ | 128166 | 1282 | 02-12-22 |

| | | | | | |
|---|---|---|---|---|---|
| | നടപ്പാത നിർമ്മാണം | | | | |
| 12 | 15ാം വാർഡിലെ മധു കണ്ണങ്ങാട് വസതി മുതൽ ശാന്തമ്മ കല്ലപുരയ്ക്കൽ വസതി വരെ ടൈൽ റോഡ് നിർമ്മാണം | രാംമ്സ് എഞ്ചിനിയേഴ്സ് & സർവ്വീസ് | 244727 | 2447 | 24-02-23 |
| 13 | 10-ാം വാർഡിലെ ആയുർ റോഡ് നിർമ്മാണം | ഗിരീഷ്കുമാർ | 153541 | 1535 | 30-11-22 |
| 14 | 8-ാം വാർഡിലെ NH കോതകുളങ്ങര കണക്ടിംഗ് റോഡ് നിർമ്മാണം | ജിതേഷ് എ നായർ | 433060 | 4331 | 01-07-22 |
| 15 | 16-ാം വാർഡിലെ വുമൺ &ചൈൽഡ് ഹോമിലേക്കുള്ള റോഡ് ടൈൽ പാകൽ | CICADA BUILDCON | 199171 | 1991 | 01-04-22 |
| 16 | 2-ാം വാർഡിലെ നടപ്പാത നിർമ്മാണം | CICADA BUILDCON | 450328 | 4503 | 28-05-22 |
| 17 | പറവൂർ ഗവ ഹൈസ്കൂളിന് പടിഞ്ഞാറു വശവും കല്ലുകെട്ട് നിർമ്മാണം ഘട്ടം -2 | ജിജു പി | 156400 | 1564 | 01-07-22 |
| 18 | പറവൂർ ഗവ ഹൈസ്കൂളിലെ കളിസ്ഥല നിർമ്മാണം | മനേഷ് കുരുവിള | 189754 | 1898 | 26-08-22 |
| 19 | വാർഡ് 7 അന്നപൂർണ്ണേശ്വരി SHGയ്ക്കുവേണ്ടിയുള്ള വർക്ക് ഷെഡ് നിർമ്മാണം | ജിതേഷ് എ നായർ | 521895 | 5219 | 28-02-23 |
| 20 | മുന്നൂറാം പാടശേഖരത്തിലെ വടക്കേ ബണ്ട് കല്ലു കെട്ടി സംരക്ഷണം | ജിജു പി | 150552 | 1506 | 28-02-23 |
| | ആകെ | | | 54132 | |

ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടേയും അസിസ്റ്റന്റ് സെക്രട്ടറിയുടേയും ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/29-07-23) മറുപടി നൽകിയില്ല.

3-10 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ ആദായ നികുതി ഈടാക്കിയില്ല നഷ്ടം 20156/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച നൽകിയിരിക്കുന്നത് കൈരളികൺസ്ട്രക്ഷൻ യൂണിറ്റും മാതൃക നിർമ്മാണ യൂണിറ്റുമാണ്. മേൽ ഗ്രൂപ്പുകൾക്ക് വിവിധ പ്രവൃത്തികളിൽ ബോർഡ് സ്ഥാപിച്ചതിന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം യഥാക്രമം 583000/- രൂപയും 424750/- രൂപയും അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ

നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് കൈരളി കൺസ്ട്രക്ഷൻ യൂണിറ്റിൽ നിന്നും 11660/- (2%) രൂപയും മാതൃക നിർമ്മാണ യൂണിറ്റിൽ നിന്നും 8496 (2%) രൂപയും ആദായ നികുതിയിനത്തിൽ ഈടാക്കേണ്ടതായിരുന്നു. തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടേയും അസിസ്റ്റന്റ് സെക്രട്ടറിയുടേയും ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/29-07-23) മറുപടി ഹാജരാക്കിയില്ല.

## 3-11 ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകി

പ്രോജക്ട് നം.S0009/23

വികസന ഫണ്ട്- 569030

തനത് ഫണ്ട് -134400

ആകെ അടങ്കൽ -703430

ചെലവ് -687760

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സാന്ത്വന പരിചരണം പ്രോജക്ട് പരിശോധിച്ചതിൽ പാലിയേറ്റീവ് കെയർ ഹോം കെയർ നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകിയിട്ടുണ്ട്. ഹോം കെയർ രജിസ്റ്റർ പ്രകാരം 21.04.2022, 03.06.2022, 13.07.2022 എന്നീ തീയതികളിൽ ഹോം കെയർ നടത്തിയിട്ടില്ല. എന്നാൽ ഈ ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | വാഹന വാടക | ഭക്ഷണച്ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| 21.04.22 | 1000 | 480 | 08/02.06.22 |
| 03.06.22 | 1000 | 480 | 27/02.07.22 |
| 13.07.22 | 1000 | 480 | 40/04.08.22 |
| ആകെ | 3000 | 1440 | |

2. 27.01.23, 28.01.23, 30.01.23, 31.01.23 എന്നീ തീയതികളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകിയിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിൽ ഹോം കെയർ നടന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പേജ് നമ്പർ 58 മുതൽ 61 വരെ തീയതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ദിവസങ്ങളിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | വാഹന വാടക | ഭക്ഷണച്ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| 27.01.23 | 1000 | 480 | BRN52014901396797 /18.03.23 |
| 28.01.23 | 1000 | 480 | |
| 30.01.23 | 1000 | 480 | |
| 31.01.23 | 1000 | 480 | |
| ആകെ | 4000 | 1920 | |

ക്രമ നമ്പർ 1, 2 പ്രകാരം ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിലെ വാഹനവാടക 7000/- രൂപയും ഭക്ഷണച്ചെലവ് 3360/- രൂപയും ഉൾപ്പടെ ആകെ 10360/- രൂപ യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10360/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/31.07.23) മറുപടി ലഭിച്ചില്ല.

### 3-12 കാലിത്തീറ്റ സബ്സിഡി-അധിക തുക സബ്സിഡി നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ(പൊതുവിഭാഗം) നിന്ന് 5 ലക്ഷം രൂപ ചെലവഴിച്ച് വാടക്കൽ, പറവൂർ എന്നീ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. വാടയ്ക്കൽ ക്ഷീരസംഘത്തിന്റെ വിതരണ രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റ ഒരു ബാഗിന് 650/- രൂപ നിരക്കിൽ സബ്സിഡി നൽകേണ്ടതിന് പകരം കാലിത്തീറ്റ വിലയുടെ 50 ശതമാനത്തിൽ കൂടുതൽ തുക ചില കർഷകർക്ക് സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

50 Kg ബാഗിന് നൽകിയ വില 1300/-

വിതരണം നടത്തിയ 441 ബാഗുകൾക്ക് നൽകിയ വില 573300/- (=441 X 1300)

441 ബാഗിന് നൽകാവുന്ന സബ്സിഡി തുക 286650/-

നൽകിയ സബ്സിഡി തുക 288260/-

അധികം നൽകിയ തുക 1610/-

അധികതുക നൽകിയതിന് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 3/25.7.2023) ക്കുള്ള മറുപടിയിൽ അധികതുക നൽകിയതിന് വിശദീകരണം ഇല്ല. അധികം നൽകിയ സബ്സിഡി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-13 ജൈവ വൈവിധ്യം-വിവിധയിനം വാഴകളുടെ കൃഷിയ്ക്ക് ഗ്രാന്റ് -അനർഹരായവർക്കും ഗ്രാന്റ് നൽകി.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വാഴകൃഷിക്ക് ഗ്രാന്റ് (S0083/23) എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ(പൊതുവിഭാഗം) നിന്ന് 7000/- രൂപ ചെലവഴിച്ച് 7 കർഷകർക്ക് 1000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശീയമായ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിന് താല്പര്യമുള്ള കർഷകർക്ക് വിവിധയിനം കാർഷിക വിളകളും അവയുടെ വൈവിധ്യമാർന്ന ഇനങ്ങളും ദീർഘകാലത്തേയ്ക്ക് സംരക്ഷിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. ഇതിനായി കുറഞ്ഞത് 10 സെന്റ് സ്ഥലം ഉണ്ടായിരിക്കണം. അഞ്ചോ അതിൽക്കൂടുതലോ തനത് പ്രാദേശിക ഇനങ്ങൾ കൃഷി ചെയ്ത് സംരക്ഷിച്ച് പോരുന്നവർ ആയിരിക്കണം. ഇവയുടെ വിശദാംശങ്ങൾ തദ്ദേശ സ്ഥാപനത്തിലെ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും അർഹതാമാനദണ്ഡം തദ്ദേശ സ്ഥാപനത്തിലെ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കേണ്ടതുമാണ്. ഫയൽ പരിശോധിച്ചതിൽ വാഴകൃഷിക്ക് ഹെക്ടറിന് 25000/- രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

-ജൈവവൈവിധ്യം സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്ഥാപനത്തിലെ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ അർഹതാമാനദണ്ഡം തദ്ദേശ സ്ഥാപനത്തിലെ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളതായോ കാണുന്നില്ല.

-ഓരോ കർഷകന്റെയും അർഹത നിശ്ചയിച്ചിട്ടുള്ളതായ രേഖപ്പെടുത്തലുകളോ സാക്ഷ്യപ്പെടുത്തലോ അപേക്ഷയിൽ കാണുന്നില്ല.

- 10 സെന്റിൽ കുറവുള്ള രമേഷ് വി എസ് എന്ന കർഷകന് ആനുകൂല്യം നൽകി. കൂടാതെ സ്ഥലത്തിന്റെ അളവ് സംബന്ധിച്ച രേഖകളില്ലാതെ ശ്രീമതി റോസ് ജയിംസ് എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകി.

ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21/29.7.2023)

നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. 10 സെന്റിൽ കുറവ് സ്ഥലമുള്ള കർഷകന് നൽകിയ ആനുകൂല്യവും സ്ഥലത്തിന്റെ അളവ് സംബന്ധിച്ച രേഖകളില്ലാതെ ഒരു ഗുണഭോക്താവിന് നൽകിയ ആനുകൂല്യവുമുൾപ്പെടെ 2000/- രൂപ ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതും പദ്ധതിലക്ഷ്യം കൈവരിച്ചോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മോണിറ്റർ ചെയ്യേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുകലഭിച്ചവർഷം | ലഭിച്ചതുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 400000 | അനുപൂരക പോഷകാഹാര പദ്ധതി | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 790000 | ലൈഫ് -ഫിഷറീസ് | 790000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 140000 | ലൈഫ് എസ് സി | 140000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 800000 | ലൈഫ് ഭൂരഹിത ഭവന രഹിതർ | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 92785 | പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ മോട്ടോർ സ്ഥാപിക്കൽ | 92785 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 240000 | ലൈഫ് 2020 എസ്.സി | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 185000 | അനുപൂരക പോഷകാഹാര പദ്ധതി | 185000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 135000 | മാലിന്യ ശേഖരണത്തിന് ഇലക്ട്രിക് ആട്ടോറിക്ഷ | 135000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | ലൈഫ് -ഫിഷറീസ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 680000 | ലൈഫ് ഭൂരഹിത ഭവന രഹിതർ | 680000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | പാലിന് സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 180000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 180000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | ലൈഫ് 2020 ഫിഷറീസ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 120000 | ലൈഫ് 2020 എസ്.സി | 120000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | JV No.42201381 | 777657 | 0 | 777657 |
| കെ.എസ്.ഇ.ബി. | Post Shifting | JV No. 42201051 | 43560 | 0 | 43560 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE MISSION Gen | GO(Rt)6872/2022/ Fin Dtd | | 16016000 | 1288291 | | |
| Life Mission General | GO(Rt)No1049/2023/ Fin | | | 1288291 | | |
| Total | | | 16016000 | 2576582 | | 13439418 |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 12645534/- |
| തൻവർഷം നിക്ഷേപിച്ച തുക | 764784/- (Term Deposit At SBI + Interest) |
| ആകെ | 13410318/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 13410318/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ. പുന്നപ്ര | 30/05/2022 | ഒരു വർഷം | 1001639/- | |
| 2 | എസ്.ബി.ഐ. പുന്നപ്ര | 14/03/2023 | ഒരു വർഷം | 87178/- | |
| 3 | കാനറ ബാങ്ക് പുന്നപ്ര | 29/05/2022 | ഒരു വർഷം | 12321501/- | |
| ആകെ | | | | 13410318/- | |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-27 | 2020-21 | | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ-സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമല്ല | ഒഴിവാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ മുമ്പാകെ സമർപ്പിക്കുകയും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവ് ആയിട്ടില്ല. |
| 2019-20 | 1-28 | 2020-21 | | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | ഒഴിവാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ മുമ്പാകെ സമർപ്പിക്കുകയും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവ് ആയിട്ടില്ല. |
| 2019-20 | 1-28(1) | 2020-21 | | പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി KMSCL ന് തുക നൽകിയെങ്കിലും സാമഗ്രികളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയിട്ടില്ല | ഒഴിവാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ മുമ്പാകെ സമർപ്പിക്കുകയും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവ് ആയിട്ടില്ല. |
| 2019-20 | 1-28(2) | 2020-21 | | പാലിയേറ്റീവ് പരിചരണ പദ്ധതി- വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | ഒഴിവാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ മുമ്പാകെ സമർപ്പിക്കുകയും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവ് ആയിട്ടില്ല. |
| 2019-20 | 1-28(3) | 2020-21 | | ആവശ്യകത നിർണ്ണയിക്കാതെ | ഒഴിവാക്കിയിട്ടില്ല. നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | | ഇലക്ട്രിക് വീൽചെയർ വാങ്ങൽ | സമിതിയുടെ മുമ്പാകെ സമർപ്പിക്കുകയും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവ് ആയിട്ടില്ല. |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45956052/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40798036/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27400/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1070985/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13430/- | ശ്രീമതി ഷീജ എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 10360/- | ഡോ.ഷഹനാസ്, മെഡിക്കൽ ഓഫീസർ, FHC |
| 3-12 | | 1610/- | ശ്രീമതി.സലീല എം., ഡെയറി ഫാം ഇൻസ്ട്രക്ടർ |
| 3-13 | | 2000/- | ശ്രീമതി.ശ്രീരമ്യ.ആർ. കൃഷി ഓഫീസർ |
| ആകെ | | 27400/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 821217/- | ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി |
| 1-27 | 79768/- | ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി |
| 1-34 | 170000/- | ഡോ.ഷഹനാസ്, മെഡിക്കൽ ഓഫീസർ, FHC |
| ആകെ | 1070985/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 76440 | ഡോ.ഷഹനാസ്, മെഡിക്കൽ ഓഫീസർ, FHC |
| 3-2 | 70167 | ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ, |
| 3-3 | 100240 | 1. ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.<br>2. ശ്രീ.ഗോപിനാഥൻ.ആർ, അസിസ്റ്റന്റ് സെക്രട്ടറി<br>3.ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 3-4 | 1162 | 1. ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.<br>2. ശ്രീ.ഗോപിനാഥൻ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 13110 | 1. ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 3-6 | 45132 | ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 3-7 | 12312 | ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 3-8 | 65492 | 1. ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.<br>2. ശ്രീ.ഗോപിനാഥൻ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 54132 | 1. ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.<br>2. ശ്രീ.ഗോപിനാഥൻ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 20156 | 1. ശ്രീ. സാഹിർ.കെ.എ, സെക്രട്ടറി.<br>2. ശ്രീ.ഗോപിനാഥൻ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 458343 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സാഹിർ.കെ.എ,<br>സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്. | കണിയാം പറമ്പിൽ,<br>വണ്ടാനം.പി.ഒ, ആലപ്പുഴ |
| ശ്രീമതി. ഷീജ.എൻ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്. | കാരാത്ര, തോട്ടപ്പള്ളി,<br>തോട്ടപ്പള്ളി.പി.ഒ, ആലപ്പുഴ. |
| ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ് | കിളിയാട്ട് ഹൌസ്,<br>പുന്നപ്ര വടക്ക് പി.ഒ.<br>ആലപ്പുഴ |

| | | |
|---|---|---|
| ഡോ. ഷഹനാസ്,<br>മെഡിക്കൽ ഓഫീസർ, FHC | മെഡിക്കൽ ഓഫീസർ(FHC), പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | കെ കെ നിവാസ്,റോഡുവിള, ചെറിയവെളിനല്ലൂർ പി.ഒ, പുല്ലാഞ്ഞിപ്പാറ, കൊട്ടാരക്കര, കൊല്ലം |
| ശ്രീ.ഗോപിനാഥൻ.ആർ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | മധുരിമ, പുന്നപ്ര വടക്ക്.പി.ഒ, ആലപ്പുഴ. |
| ശ്രീമതി.സലീല എം.,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | ബിസ്മി മൻസിൽ, സ്റ്റേഡിയം വാർഡ്, ആലപ്പുഴ |
| ശ്രീ.ശബരി കൃഷ്ണൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ | | കിളിയാട്ട് ഹൗസ്, പുന്നപ്ര നോർത്ത് പി ഒ, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2002-03 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2011-12,2012-13 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |

| | |
|---|---|
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8- 341/2021/8.04.21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി8- 611/2022 /03.07.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി8- 179/2023 /29.03.23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 11-05-2023 and submitted on 21-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Punnapra North Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Punnapra North Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Punnapra North Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. Ratios, the mandatory financial statement prescribed in accounting rule [62(2)(F)] not included in AFS.
2. Net increase/decrease in cashflow (2444947/-) does not match with the difference between the opening balance and closing balance of cash and cash equivalents (5158016/-)
3. Lapses in making timely and accurate demand entries in respect of tax and non tax revenues.
4. Collection and Balance amount of Property Tax Sanchaya statement not match with AFS
5. Asset Register not maintained properly and not match with accounts for audit

6.Cheque deposited but not credited as per the Bank Reconcilation Statement of S B I e-payment account. An amount of Rs. 81989/- is yet to be credited in bank account.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്